PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

# ഉള്ളടക്കം

ഇടയലേഖനം ..............................................03
കാർഷിക സംസ്കാരവും വെല്ലുവിളികളും.. 09
Directives for English Medium Schools.........13
Bishop's Engagement...................................14
From the Bishop's Office.............................15
നിത്യാരാധനാ കപ്പേള...................................18
വിശ്വാസപരിശീലനവേദി................................19
ബൈബിൾ അപ്പോസ്തലേറ്റ്............................25
അൾത്താരസംഘം........................................26
തിരുബാലസഖ്യം..........................................27
സി.എൽ.സി.................................................27
കെ.സി.വൈ.എം.........................................28
ജീസസ് യൂത്ത്.............................................29
മാതൃസംഘം................................................29
ഫാമിലി അപ്പോസ്തലേറ്റ്................................30
സെഹിയോൻ ധ്യാനകേന്ദ്രം..........................30
പി. എസ്. എസ്. പി.....................................31
From the Bishop's Diary..............................37

506/2012
31-12-2012

# ഇടയലേഖനം-122

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

2012 ഡിസംബർ 2: ഭാരസഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ദിനമാണത്. അന്നാണ് സത്യവിശ്വാസത്തെപ്രതി സ്വന്തം ജീവിതം ബലിയായി സമർപ്പിച്ച ഭാരതീയ രക്തസാക്ഷിയായ ദേവസഹായം പിള്ള വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കു ഉയർത്തപ്പെട്ടത്. വിശുദ്ധപദവിക്കു മുന്നോടിയായ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അദ്ദേഹത്തെ ഉയർത്തിയതിൽ ഭാരതത്തിലെ ക്രൈസ്തവവിശ്വാസികൾ അത്യധികം സന്തോഷിക്കുകയും അഭിമാനം കൊള്ളുകയും ദൈവത്തിനു നന്ദിപറയുകയും ചെയ്യുകയാണ്. യേശുക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസവും ആ വിശ്വാസത്തെപ്രതി കൊടും പീഡനങ്ങൾ ഏൽക്കുവാനും രക്തസാക്ഷിത്വം വരിക്കുവാനുമുള്ള സന്നദ്ധതയും പ്രകടിപ്പിച്ച ദേവസഹായം പിള്ള ലോകമെമ്പാടുമുള്ള ക്രൈസ്തവർക്ക് വലിയ മാതൃകയാണ്.

എ.ഡി. 1712-ൽ പഴയ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനമായ പത്മനാഭപുരം പട്ടണത്തിനടുത്തുള്ള നട്ടാലം ഗ്രാമത്തിലെ പ്രശസ്തമായ ഒരു നായർ കുടുംബമായ മരുതുകുളങ്ങര തറവാട്ടിലാണ് ശ്രീ നീലകണ്ഠപിള്ള ജനിച്ചത്. മാമ്മോദീസാ സ്വീകരിച്ചപ്പോഴാണ് ദേവസഹായം പിള്ള (ലാസർ) എന്ന പേരു സ്വീകരിച്ചത്. ചെറുപ്പത്തിൽത്തന്നെ സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ പരിജ്ഞാനവും തർക്കം, വ്യാകരണം, പുരാണങ്ങൾ, ആയുധാ

ഭ്യാസം തുടങ്ങിയവയിൽ പാണ്ഡിത്യവും അദ്ദേഹം നേടിയിരുന്നു. പ്രായപൂർത്തി ആയതോടെ ഭാർഗവി എന്ന യുവതിയെ വിവാഹം ചെയ്ത് കുടുംബജീവിതം ആരംഭിച്ചു. വളരെയേറെ സമ്പത്തിന് അദ്ദേഹം അധിപതിയായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവസവിശേഷ തകൊണ്ട് സമീപപ്രദേശങ്ങളിലെ കുടിയാന്മാർ അദ്ദേഹത്തെ "ദീനദ യാലു-ധർമ്മതത്പരൻ" എന്ന് സംബോധന ചെയ്യുമായിരുന്നു. സമർത്ഥ നും, സത്സ്വഭാവിയും, സേവനതത്പരനുമായ അദ്ദേഹത്തിന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മ യുൾപ്പെടെ അനേകരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിച്ചു. മഹാരാജാവ് അദ്ദേഹത്തെ പല ഉത്തരവാദിത്വങ്ങളും ഏൽപ്പിച്ചു.

തിരുവിതാംകൂർ പടത്തലവനായിരുന്ന ഡിലനോയിയാണ് നീലകണ്ഠപ്പിള്ളയെ ക്രൈസ്തവ വിശ്വാസത്തിലേക്ക് നയിച്ചത്. 1741-ൽ നടന്ന കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ മഹാരാ ജാവ് ഡച്ചുസൈന്യാധിപനായിരുന്ന ഡിലനോയിയെ ആദ്യം തടവു കാരനാക്കുകയും അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യം കണ്ട് തുടർന്ന് തന്റെ തന്നെ സൈന്യത്തിന്റെ മുഖ്യസൈന്യാധിപനാക്കുകയും ചെയ്തു. ഇക്കാലത്ത് ഡിലനോയിയുടെ കീഴിൽ ഒരു സൈന്യാധിപ നായി നീലകണ്ഠപ്പിള്ള നിയമിക്കപ്പെട്ടു. ഇവരുടെ അതിശ്രേഷ്ഠമായ സ്വഭാവശുദ്ധിയും ആത്മൈക്യവും ഇരുവരേയും ആത്മമിത്രങ്ങളാക്കി മാറ്റി. ഉത്തമകത്തോലിക്കനായ ഡിലനോയുമായുള്ള സമ്പർക്കം മൂല മാണ് സ്വതവേ ജ്ഞാനിയായിരുന്ന നീലകണ്ഠപ്പിള്ള ക്രിസ്തുവിനെ അറിയാനും അവിടുത്തെ വ്യക്തിത്വത്തിൽ ആകൃഷ്ടനായി 33-ാം വയ സ്സിൽ മാമ്മോദീസാ സ്വീകരിച്ച് ക്രിസ്തുമതം സ്വീകരിക്കാനും ഇട യായത്. അദ്ദേഹത്തിനു ജ്ഞാനസ്നാനം വെറുമൊരു ചടങ്ങായിരു ന്നില്ല. ഡിലനോയിയിൽ നിന്നും അദ്ദേഹം സമ്മാനിച്ച ബൈബിളിൽ നിന്നും ഈശോയുടെ പീഡാനുഭവത്തിന്റെയും കുരിശുമരണ ത്തിന്റെയും അർത്ഥം ഉൾക്കൊണ്ട ദേവസഹായം പിള്ള ഈശോക്കു വേണ്ടി ജീവിക്കാൻ സ്വമനസ്സാൽ തീരുമാനിക്കുകയായിരുന്നു. അപ്പ സ്തോലിക തീക്ഷണതയോടെ അദ്ദേഹം തന്റെ ക്രിസ്ത്വനുഭവം എല്ലാ വരുമായി പങ്കുവെയ്ക്കുവാൻ തുടങ്ങി. പ്രാർത്ഥനയിലൂടെയും കൗദാ ശിക ജീവിതത്തിലൂടെയും ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും അദ്ദേഹം അനുദിനം വിശ്വാസത്തിൽ വളർന്നുകൊണ്ടിരുന്നു. അദ്ദേ

ഹത്തിന്റെ ജീവിതമാതൃക അനേകരെ സ്വാധീനിക്കുകയും സ്വന്തം ഭാര്യയടക്കം പലരേയും മാനസാന്തരത്തിലേക്കു നിയിക്കുകയും ചെയ്തു.

ജാതീയമായ വേർതിരുവുകളും ഉച്ചനീചത്വങ്ങളും സമൂഹത്തെ ഗ്രസിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. ദൈവം എല്ലാവരുടെയും പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമാണെന്ന സത്യത്തിനു വേണ്ടി ദേവസഹായം പിള്ള നിലകൊണ്ടു. ഈ സത്യം മനസ്സിലാക്കിയ പലരും, പ്രത്യേകിച്ച് താഴ്ന്ന ജാതിക്കാരെന്ന് സമൂഹം മുദ്രകുത്തിയവർ ക്രിസ്തുമതം സ്വീകരിച്ചു. ജാതിരഹിത സമൂഹത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള ദേവസഹായം പിള്ളയുടെ നിലപാടുകൾ ക്രിസ്തുമതത്തെ പുച്ഛമനോഭാവത്തോടെ വീക്ഷിക്കുകയും ജാതിവ്യവസ്ഥിതി മുറുകെപിടിക്കുകയും ചെയ്തിരുന്നവരെ പ്രകോപിപ്പിച്ചു. നിലപാടുകളിൽനിന്ന് ദേവസഹായം പിള്ളയെ പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ വിരോധികൾ അദ്ദേഹത്തിനെതിരായി രാജാവിന്റെ പക്കൽ കുറ്റാരോപണങ്ങൾ നടത്തി. ദേവസഹായത്തെപ്പറ്റി പല കള്ളക്കഥകളും രാജാവിന്റെ മുൻപിൽ അവർ നിരത്തി അതിന്റെ ഫലമായി മഹാരാജാവും സ്ഥലത്തെ ആചാര്യന്മാരും കോപിഷ്ഠരാവുകയും ദേവസഹായത്തെയും ക്രിസ്ത്യാനികളെയും പീഡിപ്പിക്കാൻ തുടങ്ങുകയും ചെയ്തു.

ദേവസഹായം പിള്ളയെ അപമാനിക്കാനും ജനങ്ങളെ ഭയപ്പെടുത്താനും മാനസാന്തരത്തിൽ നിന്ന് പിന്തിരിപ്പിക്കാനുമായി പടയാളികൾ അദ്ദേഹത്തെ എരുമപ്പുറത്തിരുത്തി കൈകാലുകൾ ചങ്ങലകൊണ്ട് ബന്ധിച്ച് കഴുത്തിൽ ദുർഗന്ധം വമിക്കുന്ന എരുക്കുമാല ചാർത്തി പെരുമ്പറ മുഴക്കി വാളോങ്ങിയ ആരാച്ചാരന്മാരുടെ അകമ്പടിയോടെ നാടുനീളെ പ്രദർശിപ്പിച്ചു. ക്രൈസ്തവ വിശ്വാസികൾക്കുള്ള ഒരു മുന്നറിയിപ്പ് കൂടിയായിരുന്നു അത്. പടയാളികൾ അദ്ദേഹത്തെ തേളുകളും പഴുതാരകളും നിറഞ്ഞ ഇരുട്ടറയിൽ തടവിലിട്ടു ക്രൂരമായി പീഡിപ്പിച്ചു; മുറിവുകളിൽ മുളകുപൊടി തേച്ചു; ചുട്ടുപഴുത്ത ചുണ്ണാമ്പുചൂളയിലിരുത്തി ശ്വാസം മുട്ടിച്ചു; ദാഹശമനത്തിനായ് മലിനജലം നല്കി; ദിവസവും മുപ്പതുചാട്ടവാറടി നല്കി. അതിക്രൂരമായ ഈ പീഡനങ്ങൾ കണ്ട് ബന്ധുക്കളും സ്നേഹിതരും ഉദ്യോഗസ്ഥരും

അദ്ദേഹത്തോട് സത്യവേദമുപേക്ഷിക്കാനും പഴയവിശ്വാസത്തിലേക്ക് പിന്തിരിയുവാനും ഉപദേശിച്ചു. എന്നാൽ ഈ പീഡനങ്ങൾക്കും ഉപദേശങ്ങൾക്കും മുൻപിൽ തളരാതെ സത്യവിശ്വാസത്തിൽ ദേവസഹായം ഉറച്ചുനിന്നു. നിരന്തരമായ പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റെ ശക്തിസ്രോതസ്സ്; വെള്ളിയാഴ്ചയും ശനിയാഴ്ചയും അദ്ദേഹം സ്വമേധയാ ഉപവസിച്ചിരുന്നു; സൗകര്യം കിട്ടുമ്പോഴൊക്കെ ആത്മീയ പുസ്തകങ്ങൾ വായിക്കുവാനും തന്റെ പക്കലേക്ക് വരുന്നവരെയെല്ലാം സ്നേഹപൂർവ്വം ഉപദേശിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തെ സമീപിച്ച പലർക്കും അത്ഭുതകരമായ രോഗശാന്തി ലഭിച്ചു.

ക്രൂരമായ പീഡനങ്ങൾക്കിടയിലും വിശ്വാസത്തിൽ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ ജീവിതമാതൃക തുടർന്നും അനേകർക്ക് മാനസാന്തരത്തിനു കാരണമാകുമൊ എന്ന ഭയം നിമിത്തം അധികാരികൾ അദ്ദേഹത്തെ 1752 ജനുവരി 14-ാം തിയ്യതി അർദ്ധരാത്രി വെടിവച്ചു കൊല്ലാൻ ഉത്തരവിട്ടു. കന്യാകുമാരിക്കും ആരുവാമൊഴിക്കും ഇടയ്ക്ക് ആൾപാർപ്പില്ലാത്ത കാറ്റാടി മലയിലെ ഒരു പാറപ്പുറത്ത് നിറുത്തി പടയാളികൾ അദ്ദേഹത്തിനു നേരെ നിറയൊഴിച്ചു. നിറതോക്കിൽ നിന്നും അഞ്ചു വെടിയുണ്ടകളേറ്റ് "യേശുവേ എന്നെ രക്ഷിക്കണമേ" എന്ന് നിലവിളിച്ചുകൊണ്ട് നാല്പ്പതാമത്തെ വയസ്സിൽ തന്റെ ആത്മാവിനെ അദ്ദേഹം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു.

യേശുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന വിസ്മയാവഹമായ രൂപാന്തരീകരണത്തിന് മകുടോദാഹരണമാണ് ദേവസഹായം പിള്ളയുടെ ജീവിതം. ഇഹത്തിൽ രക്ഷയ്ക്ക് ഒരു മാർഗ്ഗമേയുള്ളുവെന്നു മനസ്സിലാക്കിയ ദൈവത്തിന്റെ ദാസൻ "ആകാശത്തിൻകീഴ് മറ്റൊരു നാമവും മനുഷ്യരക്ഷയ്ക്കു നല്കപ്പെട്ടിട്ടില്ല" (അപ്പ. 4:12) എന്നു ഉറച്ച് വിശ്വസിച്ചു. വി. പൗലോസിനെ പോലെ യേശുവാണ് യഥാർത്ഥ രക്ഷകനെന്ന് തിരിച്ചറിഞ്ഞ പണ്ഠിതനായ ദേവസഹായം തന്നെത്തന്നെ അവിടുത്തേക്ക് സമ്പൂർണ്ണമായി സമർപ്പിച്ചു. രാജാവിന്റെ ഭീഷണികൾക്കൊ, രാജകിങ്കരന്മാരുടെ നിഷ്ഠൂരമായ മർദ്ദനങ്ങൾക്കൊ, സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും പ്രേരണകൾക്കൊ അദ്ദേഹത്തിന്റെ വിശ്വാസത്തെ ക്ഷയിപ്പിക്കാനൊ, വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാനൊ സാധിച്ചില്ല. "നിങ്ങളുടെ ശരീരത്തെ കൊല്ലുകയും എന്നാൽ

ആത്മാവിനെ കൊല്ലാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നവനെ ഭയപ്പെടേണ്ട" എന്ന ദിവ്യഗുരുവിന്റെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന ദേവസഹായം മരണംവരെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് ധീരതയുടെ പര്യായമായി മാറി. ആദിമസഭയിലെ രക്തസാക്ഷികളെ അതിശയിപ്പിക്കുന്ന വിശ്വാസസ്ഥിരതയും ധൈര്യവുമാണ് ദേവസഹായംപിള്ള അവസാനംവരെ പ്രകടിപ്പിച്ചത്. വിശ്വാസത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർക്ക് ദൈവാത്മാവു നൽകുന്ന ദൈവികമായ ശക്തി ഇവിടെയും പ്രകടമാണ്.

"ദൈവത്തിൽ വിശ്വാസമർപ്പിക്കുന്ന ഒരുവനും നശിച്ചു പോകുകയില്ല" (യോഹ.3:18) എന്ന യാഥാർത്ഥ്യം ദേവസഹായം നമ്മെ ഓർമ്മിപ്പിക്കുന്നു. പീഡനമേല്ക്കുന്തോറും അദ്ദേഹത്തിന്റെ വിശ്വാസം തളരുകയല്ലായിരുന്നു, മറിച്ച് വർദ്ധിക്കുകയായിരുന്നു. ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കാനും അത് പ്രഘോഷിക്കാനും സഹനം അനിവാര്യമാണ്. എല്ലാ സഹനവും, പ്രത്യേകിച്ച് നിഷ്കളങ്കരുടെയും രക്തസാക്ഷികളുടെയും സഹനങ്ങൾ, ക്രിസ്തുവിന്റെ കുരിശുമായി 'ദൈവത്തിനു മാത്രം അറിയാവുന്ന മാർഗ്ഗത്തിലൂടെ' നമ്മെ ബന്ധിപ്പിക്കുകയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അത് കണ്ടെത്തും"(മത്താ, 16:24-25) എന്ന ഈശോയുടെ വാക്കുകൾ സ്വജീവിതത്തിലൂടെ ദേവസഹായംപിള്ള തെളിയിച്ചുകാണിച്ചു. സഹനത്തെ നിരാകരിച്ചുകൊണ്ടുള്ള ഒരു 'വിശ്വാസജീവിതത്തിലേക്ക്' ഇന്ന് പലരും നീങ്ങുകയാണ്. നിസ്സാരകാര്യങ്ങളുടെ പേരിലും വിവിധ സെക്ടുകളുടെ തെറ്റായ ഉപദേശങ്ങളുടെ പേരിലും അനുദിനം ശക്തിപ്പെട്ടുവരുന്ന ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനത്തിന്റെ ഫലമായും വിശ്വാസം ത്യജിക്കുന്നവർക്കൊരു വെല്ലുവിളിയാണ് ദേവസഹായംപിള്ളയുടെ വീരോചിതമായ ജീവിതസാക്ഷ്യം.

രക്തസാക്ഷികളുടെ ജീവിതത്തിൽ കാണുന്നത് മരണത്തോളമുള്ള അവരുടെ വിശ്വസ്തതയും സ്നേഹവുമാണ്. "സ്നേഹി

തർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല"(യോഹ 15:13). ദൈവത്തോടുള്ള സ്നേഹത്തിന്റെ ഏറ്റം വലിയ പ്രകാശനമാണ് അവരുടെ ധീരരക്തസാക്ഷിത്വം. പൗലോസ് ശ്ലീഹാ കൊളോസോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിലൂടെ നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "നിങ്ങൾ ശ്രവിച്ച സുവിശേഷം നല്കുന്ന പ്രത്യാശയിൽനിന്ന് വ്യതിചലിക്കാതെ സ്ഥിരതയോടും ദൃഢനിശ്ചയത്തോടും കൂടെ വിശ്വാസത്തിൽ നിങ്ങൾ നിലനില്ക്കേണ്ടിയിരിക്കുന്നു" (കൊളോ 1: 23). ലോകത്തിന്റേതായ നൈമിഷിക നേട്ടങ്ങൾക്കുവേണ്ടി യഥാർത്ഥ വിശ്വാസജീവിതത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കാൻ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ ജീവിതം നമ്മെ ശക്തിപ്പെടുത്തട്ടെ. യേശുവാണ് ഏകരക്ഷകൻ, അവിടുന്നാണ് ദൈവത്തിനും മനുഷ്യർക്കും ഏക മദ്ധ്യസ്ഥൻ. യേശുനാമമാണ് ഏകരക്ഷാനാമം എന്നു ബോധ്യപ്പെട്ട് വിശ്വസിക്കുകയും സത്യവിശ്വാസത്തിന് വേണ്ടി രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ ജീവിതം നമ്മുക്കെല്ലാവർക്കും മാതൃകയും പ്രചോദനവുമാകണം. വിശ്വാസത്തിൽ വളരാനും ആഴപ്പെടാനും വിശ്വാസത്തിനു സാക്ഷ്യം വഹിച്ചു ജീവിക്കാനുമുള്ള കൃപ ഈ വിശ്വാസവർഷത്തിൽ നമ്മുക്കെല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥസഹായം നമുക്കു തേടാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ ഇടയലേഖനം **2013 ജനുവരി 13-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# കാർഷിക സംസ്കാരവും വെല്ലുവിളികളും

കൃഷിയും കാർഷിക സംസ്കൃതിയും അവഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകം വ്യാവസായികമായി വളരുകയും വിവിധ സ്രോതസ്സുകളിൽനിന്നും ധനം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പൊതുവെ തിളക്കം കുറഞ്ഞ കാർഷികരംഗത്തുനിന്നും യുവതലമുറ പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. മണ്ണിനെയും കൃഷിയെയും പറ്റിയുള്ള ആധുനിക തലമുറയുടെ അറിവും വളരെ പരിമിതമാണ്. ഈ സാഹചര്യത്തിൽ കാർഷിക സംസ്കാരവും കൃഷിയും നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം.

ദൈവമാണ് ഏറ്റവും വലിയ കൃഷിക്കാരൻ. ദൈവം ഭൂമിയെ സൃഷ്ടിച്ച് സകലവിധ ധാതുക്കളും ലവണങ്ങളും മൂലകണങ്ങളും ലോഹങ്ങളും കോടാനുകോടി സൂക്ഷ്മജീവികളും പക്ഷിമൃഗാദികളും ഇഴജന്തുക്കളുംകൊണ്ട് അതിനെ നിറയ്ക്കുകയും ലക്ഷക്കണക്കിനു സസ്യലതാദികളുടെ വിത്തുകൾ നിക്ഷേപിച്ച് അതിനെ സമ്പന്നമാക്കുകയും ചെയ്തു. മണ്ണിൽനിന്ന് മനുഷ്യന് രൂപം കൊടുത്ത് ജീവൻ നല്കി. ഏദൻ തോട്ടത്തിൽ കൃഷി ചെയ്യാനായി ദൈവം മനുഷ്യനെ നിയോഗിച്ചു. ദിവസവും തോട്ടം കാണാൻ വന്ന് ആദ്യമനുഷ്യനോടുകൂടെ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രമാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്.

ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് വായുവും വെള്ളവും ഭക്ഷണവും ഒഴിച്ചുകൂടാനാവാത്തതാണ്. വായുവും വെള്ളവും സൂര്യപ്രകാശവും ദൈവം സൗജന്യമായി നല്കുമ്പോൾ ഭക്ഷണം മനുഷ്യൻ സ്വന്തമായി അധ്വാനിച്ചുണ്ടാക്കണമെന്നതാണ് ദൈവഹിതം. പരസ്പരം സഹകരണത്തിലും സ്നേഹത്തിലും കൂട്ടായ്മയിലും മനുഷ്യൻ കഴിഞ്ഞുകൂടണമെന്ന ദൈവത്തിന്റെ മഹത്തായ ചിന്തയിലാണ് കാർഷിക സംസ്കാരത്തിന്റെ തുടക്കം. കൃഷിയെന്നത് ഒരു ഉപജീവനമാർഗ്ഗമോ വരുമാനമാർഗ്ഗമോ മാത്രമല്ല. അതൊരു ജീവിത രീതിയാണ്. ഇംഗ്ലീഷിൽ Agri-culture (കൃഷിസംസ്കാരം) എന്നാണല്ലോ പറയുന്നത്. മനുഷ്യൻ മണ്ണിനോടും കൃഷിയോടുമുള്ള ബന്ധമുപേക്ഷിക്കുമ്പോൾ നഷ്ടമാകുന്നത് ഈ കാർഷികസംസ്കാരമാണ്, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തന്നെയാണ്. അത് മനുഷ്യവംശത്തിന്റെ തന്നെ നാശത്തിനു കാരണമാകും.

ആഗോളവത്കരണത്തിന്റെയും ലോകവ്യാപാരകരാറിന്റെയുമൊക്കെ ഫലമായി ലോകം ഒറ്റ വിപണിയായി മാറിക്കൊണ്ടിരിക്കുന്നു.

വൻകിടവ്യവസായികൾക്കും കമ്പനികൾക്കും യഥേഷ്ടം കയറ്റിറക്കുമതി ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് ലഭിച്ചിരിക്കുന്നത്. കാർഷികോത്പന്നങ്ങൾക്ക് ഏകദേശം സ്ഥിരവില ലഭിച്ചിരുന്ന സാഹചര്യം ഇന്നില്ല. വ്യാവസായിക മേഖലയുടെ താത്പര്യമനുസരിച്ച് വിപണി ചാഞ്ചാടിക്കൊണ്ടിരിക്കുന്ന അവസ്ഥ ഇവിടുത്തെ കൃഷിക്കാരെ കടക്കാരും നിരാശരുമാക്കി. കാർഷിക മേഖലയ്ക്കുവേണ്ടി കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഭീമമായ തുക മുടക്കുന്നുണ്ടെങ്കിൽക്കൂടി നമ്മുടെ നാട്ടിലെ അഴിമതി നിറഞ്ഞ സാഹചര്യങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവുംമൂലം അർഹരായവർക്കു പ്രയോജനം ലഭിക്കുന്നതിനോ അതുവഴി കാർഷികോത്പാദനം വർദ്ധിക്കുന്നതിനോ സാഹചര്യമൊരുക്കുന്നില്ല.

1965 മുതൽ ഏറെ പ്രതീക്ഷയോടെ നടപ്പിലാക്കിയ ഹരിതവിപ്ലവത്തിന്റെ വിജയം താത്കാലിക പ്രതിഭാസമായിരുന്നു. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും അശാസ്ത്രീയവും അമിതവുമായ ഉപയോഗംമൂലം മണ്ണ് വിഷലിപ്തമാകുകയും വായുവും വെള്ളവും മലിനീകരിക്കപ്പെടുകയും ചെയ്തു. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ വ്യാപകമായി. വിഷമയമായ ഭക്ഷണം കഴിച്ചാൽ രോഗം ശരീരത്തിനു മാത്രമല്ല ഉണ്ടാകുന്നത് എന്ന് നാം മനസ്സിലാക്കണം. ഭാവിതലമുറ ശരിയായ ശാരീരിക, മാനസിക ആരോഗ്യത്തോടെ വളർന്നുവരണമെങ്കിൽ അവർക്കു വിഷമില്ലാത്ത ഭക്ഷണം നല്കണമെന്ന കാര്യം നമ്മൾ മറക്കരുത്. ആധുനിക തലമുറയുടെ 'ഫാസ്റ്റ് ഫുഡ്' ഭ്രമം കുട്ടികളെ അല്പമൊന്നുമല്ല ദോഷകരമായി ബാധിക്കുന്നത്. മുമ്പൊക്കെ എട്ടും പത്തും മക്കൾക്ക് അമ്മമാർ അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു നൽകിയിരുന്നില്ലേ? അതും സ്വന്തം പച്ചക്കറിത്തോട്ടത്തിൽ കൃഷിചെയ്തുണ്ടാക്കിയ വിളകൾ ഉപയോഗിച്ച്! ഇന്ന് ഒന്നോ രണ്ടോ മാത്രം കുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിന്റെ ഒരു ഭാഗമെങ്കിലും സ്വന്തം തൊടിയിലുണ്ടാക്കി സ്വന്തമായി പാകം ചെയ്തു കൊടുക്കാൻ നമ്മുടെ കുടുംബങ്ങൾക്ക് കഴിയുകയില്ലേ?

കാർഷിക പ്രധാനമായ ഒരു സംസ്കാരത്തിന്റെ ഉടമകളായ നമ്മൾ അധ്വാനത്തിന്റെ വില അറിയുന്നവരും സ്വന്തം മണ്ണിൽ വിളയുന്ന ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ ഭക്ഷിച്ച് ആരോഗ്യത്തോടെ വളർന്നു വന്നവരുമാണ്. ഇപ്പോഴും കൃഷിയെ സ്നേഹിക്കുകയും മണ്ണിനെ പരിപാലിക്കുകയും ചെയ്യുന്ന ഒരു വിഭാഗം നല്ല കർഷകർ നമ്മുടെയിടയിലുണ്ട്. എന്നാൽ കൃഷിയിടത്തിൽനിന്നു ലഭിക്കുന്ന പരിമിത വരുമാനം ഉയർന്ന ജീവിതച്ചെലവിനു മതിയാകാതെ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങി ഭൂരിഭാഗം കർഷകരും ഇന്ന് കടക്കാരായിരിക്കുന്നു. നിരവധിയാളുകൾ ആത്മഹത്യ ചെയ്തു.

അനേകം കുടുംബങ്ങൾ അനാഥമായി. കാർഷികമേഖല അപ്പാടെ ഇന്ന് നഷ്ടത്തിന്റെയും തോൽവിയുടെയും അടയാളമായി മാറിയിരിക്കുകയാണ്.

അതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. സാമ്പത്തിക ലാഭം പ്രതീക്ഷിച്ച് ബഹുവിളകൃഷി സമ്പ്രദായം ഉപേക്ഷിച്ച് നാണ്യവിളകൾ മാത്രം കൃഷിചെയ്യാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു. പരിസ്ഥിതിപ്രശ്നങ്ങൾക്കും കാലാവസ്ഥാവ്യതിയാനത്തിനുമൊക്കെ ഈ പ്രവണത വഴി തെളിക്കും. വീര്യമേറിയ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം നിയന്ത്രിക്കാനും വേണ്ടെന്നുവയ്ക്കാനും പഠിച്ചില്ലെങ്കിൽ അതിന്റെ ദുഷ്ഫലങ്ങൾ ഭീകരമായിരിക്കും. ഭൂഗർഭജലം വിഷമയമാകുകയും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുകയും ചെയ്യുന്നു. തവളകളും മണ്ണിരകളും മത്സ്യങ്ങളും പക്ഷിജാലങ്ങളുമെല്ലാം ചത്തൊടുങ്ങുന്നതു വഴിയായി പ്രകൃതിയുടെ സന്തുലിതാവസ്ഥ അപകടപ്പെട്ടു കഴിഞ്ഞു. ഭൂമിയെയും മണ്ണിനെയും സ്വാർഥലക്ഷ്യങ്ങളോടെമാത്രം ഉപയോഗിച്ചു ചൂഷണം ചെയ്യുന്നത് വരുന്ന തലമുറയുടെ നാശത്തിനുകൂടി കാരണമാകും. വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് ഈ മണ്ണ്. കടന്നുപോയ അനേകം തലമുറകൾ ഉപയോഗിച്ച് നമുക്കുകൈമാറിയ ഭൂമി വരും തലമുറയ്ക്കേൽപ്പിച്ചു കൊടുക്കാനുള്ള ധാർമ്മിക ബാധ്യത നമുക്കുണ്ട്. കുന്നിടിക്കലും വയൽനികത്തലും വനനശീകരണവുമൊക്കെ മനുഷ്യന്റെയും മറ്റുജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയെ തകിടംമറിക്കും. പ്രകൃതിക്കായി ദൈവം നിശ്ചയിച്ചിട്ടുള്ള താളവും ക്രമവും ലയവും നശിപ്പിക്കുന്നത് അതീവഗുരുതരമായ തെറ്റാണ്. മനുഷ്യന് ആവശ്യമുള്ള ഭക്ഷണവും മറ്റു വസ്തുക്കളും സ്ഥിരമായി നല്കാൻ ശേഷിയുള്ളത് മണ്ണിനു മാത്രമാണെന്നത് നമുക്ക് മറക്കാതിരിക്കാം.

അടുത്ത കാലത്തായി ഒറ്റ നോട്ടത്തിൽ വളരെ അത്യാവശ്യവും പുരോഗമനപരവുമെന്നു തോന്നാവുന്ന ചില നിയമനിർമ്മാണങ്ങളും അവയ്ക്കുള്ള നീക്കങ്ങളും നടക്കുന്നത് നാം കാണാതിരുന്നു കൂടാ. കേരളത്തിൽ ഉണ്ടായിരുന്ന 10 ലക്ഷത്തോളം ഹെക്ടർ നെൽവയലുകൾ ഇന്നു വെറും രണ്ടരലക്ഷം ഹെക്ടറായി ചുരുങ്ങി. പണിക്കൂലി വർദ്ധന, വിളവിനു ന്യായവില ലഭിക്കായ്ക, കാലാവസ്ഥാവ്യതിയാനം മുതലായ കാരണങ്ങൾ മൂലം കർഷകർ കൃഷിയിൽനിന്നു പിൻമാറിയപ്പോൾ കൃഷിയിൽ തുടരുന്നതിനുള്ള സാമ്പത്തിക സഹായമോ പ്രോത്സാഹനമോ മാറി മാറി വന്ന സർക്കാരുകളൊന്നും നല്കിയില്ല. നെൽവയലുകൾ നികത്തി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോ

ഗിക്കാൻ എല്ലാവരും മൗനാനുവാദം നല്കി. ഈയിടെ കേന്ദ്ര ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ പറഞ്ഞത് കേരളത്തിലെ നെൽവയലുകൾ മുഴുവൻ നികത്തിക്കൊള്ളുക, ആവശ്യത്തിനുള്ള അരി കേന്ദ്രം തന്നുകൊള്ളാമെന്നാണ്. വ്യാവസായിക ലോബിയുടെ സമ്മർദ്ദത്തിനു വഴങ്ങി ലോക ഭക്ഷ്യകമ്പനി ഭീമന്മാരുടെ മുമ്പിൽ ഭിക്ഷാപാത്രവുമായി ഓച്ഛാനിച്ചു നില്ക്കുവാൻ ഈ സ്ഥിതിവിശേഷം ഇടയാക്കും.

അതുപോലെതന്നെ സംശയമുണർത്തുന്നതാണ് ലോക പൈതൃക ഭൂപടത്തിൽപ്പെടുത്തി കേരളത്തിലെ 24 താലൂക്കുകൾ പശ്ചിമഘട്ടസംരക്ഷണമെന്ന പേരിൽ വേർതിരിക്കാനുള്ള ഗവൺമെന്റിന്റെ നീക്കങ്ങൾ. പശ്ചിമഘട്ട പരിസ്ഥിതി അഥോറിറ്റി എന്ന പേരിൽ കോടതിയുടെ അധികാരങ്ങളുള്ള ഒരു സമിതിയുടെ മേൽനോട്ടത്തിലായിരിക്കും മേൽപറഞ്ഞ സ്ഥലങ്ങൾ. ലോക പരിസ്ഥിതിസംഘടനകൾ നിർദ്ദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ഈ പ്രദേശങ്ങൾക്കും ബാധകമാകും. ചുരുക്കത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനോ മറ്റു നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനോ കർശന നിയന്ത്രണങ്ങളുണ്ടാകും. ക്രമേണ ഇവിടെനിന്നും കാർഷിക ജനത മെല്ലെ ഒഴിഞ്ഞുപോകാനുള്ള സാധ്യതയും ഉണ്ടാകും. പരിസ്ഥിതി സംരക്ഷിക്കുന്നതിനോ വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനോ നമുക്കാർക്കും യാതൊരെതിർപ്പുമില്ല. അവ ആവശ്യവുമാണ്. എന്നാൽ മനുഷ്യജീവനെക്കാൾ വില വന്യമൃഗങ്ങൾക്കും വനവൃക്ഷങ്ങൾക്കും നല്കുന്ന രീതി സംശയിക്കപ്പെടേണ്ടതാണ്. വനത്തിൽ പ്രവേശിച്ച് വന്യമൃഗങ്ങളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നവരെ ശിക്ഷിക്കുന്നതു ന്യായമാണെങ്കിലും സ്വന്തം കൃഷിക്കും ജീവനും ഭീഷണിയാകുന്ന വന്യമൃഗത്തെ കൃഷിയിടത്തിൽവച്ചു പോലും ഭയപ്പെടുത്താൻ പാടില്ല എന്ന നിയമം ദുരൂഹമാണ്. നെൽവയലുകളെല്ലാം നികത്തി, മലയോര മേഖലകൾ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ച് എല്ലാ ഭക്ഷ്യോത്പന്നങ്ങളുടെയും നാണ്യവിളകളുടെയും കൃഷി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങൾ ആർക്കുവേണ്ടിയാണെന്നത് നാം ചിന്തിക്കേണ്ടതാണ്. സ്വന്തം രാജ്യത്തെ ജനങ്ങളെ ഭരണാധികാരികൾ ആർക്കും അടിയറവയ്ക്കരുതെന്ന് ആഗ്രഹിക്കുകയാണ്.

നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന മേൽപറഞ്ഞ ഭീഷണികളെപ്പറ്റി പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്.

---

*NB : കർഷകദിനം (ജനുവരി 15) പ്രമാണിച്ചുള്ള കെ.സി.ബി.സി. സർക്കുലറിൽനിന്ന്*

## Directives for English Medium Schools

Dear Bishops, Religious Superiors, Managers of English Medium Schools,

Taking into consideration the proposals given by the consultation on English Medium Schools held on 18 May 2012, the XX Synod (2012), Session 3 decided to communicate to the Bishops and Religious Superiors and the Managers of the English Medium Schools the following Directives, in tune with the CBCI and KCBC Education Policy, for implementation in all the schools where these Directives have not yet been fully implemented:

a. The English Medium Schools shall pay at least a minimum salary to the Staff at par with the Minimum Wages as per the order of the State Government. In situations where that is not possible, 80% of the tuition fee shall be used for salary and other allowances of the Staff.

b. There shall be Provident Fund, ESI and Annual Increment for the Staff, as per the Government Rule.

c. There shall be a fixed period of probation after which the appointment of the Staff has to be confirmed. Details of allowances, and terms and conditions of service shall be declared at the time of appointment.

d. Maternity and paternity leave with payment is to be given as per the Government regulation.

e. Teaching Staff shall be given continuing education.

f. Written appointment orders are to be served to the Staff.

g. Salary should be given through Cheque/Bank Accounts.

I hereby communicate these directives given by the Synod of Bishops of the Syro-Malabar Church and earnestly request you to make every effort to implement them wherever needed.

With every good wish,

Yours sincerely in the Lord,

**George Cardinal Alencherry**

Major Archbishop of the Syro-Malabar Church

Mount St. Thomas, Kakkanad
20 November 2012

2013



# BISHOP'S Engagements

| | | | |
|---|---|---|---|
| **2013 JANUARY** | | | |
| 1 | 3.00 | PM | St. Mary's Church, Palakkayam |
| 2 | 9.30 | AM | Ordination, Olavakkode |
| 3 | 3.00 | PM | Church Blessing, Kalladikode |
| 4 | 9.00 | AM | Polima Inauguration, Town Hall |
| 5 | | | Marriage Blessing, Cathedral |
| 6 | | AM | St. John the Baptist Church,Kottappuram |
| | 3.00 | PM | Jubilee, Little Flower Church, Poonchola |
| 7 - 11 | | | Synod, Mt. St. Thomas, Kakkanad |
| 12 | | | Bharath Matha Ashram |
| 14 | 11.00 | AM | Vimal Rani Provincial House, Mundur |
| 15 | | | Monthly Recollection |
| 17 | 11.00 | AM | Holy Family Convent, Olavakode |
| 19 | 3.00 | PM | St. Agnes Church, Shornur |
| 23 | 6.00 | PM | MSFS Ashram, Panthalampadam |
| 24 | | | St. Mary's Church, Palakkayam |
| 25 | | AM | Jayamatha College, Palakkad |
| 26 | | | Logos prize distribution, Pastrol Centre |
| 27 | | AM | St. Antony's Church, Valkkulambu |
| | | | Christ the King Church, Panamkutty |
| 29 | | PM | Lourde Matha School, Mangalam Dam |
| 31 | | PM | Holy Family School, Alathur |
| **2013 FEBRUARY** | | | |
| 2 | | AM | Kizhakkambalam |
| | | PM | St. Thomas School, Olavakkode |
| 4 | | PM | St. Mary's School, Thathamangalam |
| 5 | | PM | Paduva Rehabilation Centre, Paruthikkad |
| 6-7 | | | Seminary Commission, Mangalappuzha |




## പൊലിമ കാർഷികോത്സവം

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം മുനിസിപ്പൽ ടൗൺ ഹാൾ അനക്സിൽവെച്ചു നാം നടത്തിയ പൊലിമ കാർഷികോത്സവം ജില്ലയിലെ കാർഷിക ജനവിഭാഗങ്ങൾക്ക് ഏറെ വിജ്ഞാനപ്രദമായിരുന്നല്ലോ. അത് ശ്രദ്ധിക്കപ്പെട്ടതിനാൽ ഈ വർഷം കേരള കൃഷി ഡിപ്പാർട്ട്മെന്റും നമ്മളോട് സഹകരിച്ചുകൊണ്ട് ജില്ലാ കളക്ടർ ചെയർമാനും, പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറി ജനറൽ കൺവീനറും, ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ ജോയിന്റ് കൺവീനറുമായുള്ള നിർവ്വാഹകസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുകയാണ്.

2013 ജനുവരി 4 മുതൽ 7 വരെ മുനിസിപ്പൽ ടൗൺ ഹാളിലും, പരിസരങ്ങളിലുമായി നടക്കുന്ന പൊലിമ കാർഷികോത്സവം കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സഹമന്ത്രി പ്രൊഫ. കെ. വി. തോമസ് മാസ്റ്റർ 4-ാം തിയ്യതി രാവിലെ 9 മണിക്ക് ഉദ്ഘാടനം ചെയ്യുന്നു. ഇക്കാര്യം ജനങ്ങളെ അറിയിക്കുകയും ഉദ്ഘാടന സമ്മേളനത്തിലും തുടർന്നുള്ള ദിവസങ്ങളിൽ നടക്കുന്ന വിജ്ഞാനപ്രദമായ സെമിനാറുകളിൽ സംബന്ധിക്കുന്നതിനും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സ്റ്റാളുകൾ സന്ദർശിക്കുന്നതിനും നമ്മുടെ ഇടവകകളിൽനിന്നും പ്രതിനിധികളെ ഇതിലേക്കെത്തിച്ചുകൊണ്ടും ഈ സംരംഭത്തെ വിജയിപ്പിക്കുവാൻ എല്ലാ ബഹു. വികാരിമാരും താൽപ്പര്യമെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊലിമയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

### കുർബാന ധർമ്മം

സാധാരണ കുർബാനയ്ക്കുള്ള ധർമ്മം 50 രൂപയിൽനിന്ന് 75 രൂപയാക്കി കേരള കത്തോലിക്കാ മെത്രാൻ സമിതി നിശ്ചയിച്ചിരിക്കുന്നു. ഈ തീരുമാനം 2013 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ആഘോഷമായ കുർബാനയ്ക്കുള്ള ധർമ്മം അന്നുമുതൽ 150 രൂപയായിരിക്കും ഈ വിവരം നമ്മുടെ ജനങ്ങളെ അറിയിക്കേണ്ടതാണ്.

പാലക്കാട്
18-12-2012

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

**നവവൈദികർക്ക് ആശംസകൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നെന്മാറ ഇടവകാംഗം ഫാ. അൽജോ കുറ്റിക്കാടൻ, പുതുക്കാട് ഇടവകാംഗം ഫാ. ധനേഷ് കാളൻ, പൂഞ്ചോല ഇടവകാംഗം ഫാ. എബിൻ കുളമ്പിൽ, ചീനിക്കപ്പാറ ഇടവകാംഗം ഫാ. അജി ഐക്കര, ജെല്ലിപ്പാറ ഇടവകാംഗം ഫാ. ഷിനോജ് കളരിക്കൻ എന്നിവർക്ക് പ്രാർത്ഥനാശംസകൾ.

**വൈദികരുടെ മാസധ്യാനം**

ജനുവരി 15-ാം തിയ്യതി വൈദികരുടെ മാസധ്യാനം അരമനയിൽവെച്ച് നടത്തപ്പെടുന്നു. അന്നേദിവസം നവവൈദികർക്ക് സ്വീകരണം നൽകുന്നതാണ്. എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്.

**വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 9 മുതൽ 14 വരെ യുവക്ഷേത്രയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**വാർഷിക സ്ഥിതിവിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കി ജനുവരി 25ന് മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതിവിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭ്യമാണ്.

## അഭിനന്ദനങ്ങൾ



റോമിലെ സെന്റ് തോമസ് സർവ്വകലാശാലയിൽ (Angelicum) നിന്നും *"The Human Person in the Light of the Trinitarian Theology of Pope John Paul II"* എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ബഹു. **റോബി കുന്താനിയിൽ** അച്ചന് അഭിനന്ദനങ്ങൾ...



റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും *"The Influence of the Oriental Fathers in the Anthropological Vision of Cardinal John Henry Newman"* എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ബഹു. **ലാലു ഓലിക്കൽ** അച്ചന് അഭിനന്ദനങ്ങൾ...

# അഭിനന്ദനങ്ങൾ

**സി.എം.സി. – ജെയ് ക്രിസ്റ്റോ പ്രൊവിൻസ്, പാലക്കാട്**



റവ. മദർ പാട്രിക്ക് (പ്രൊവിൻഷ്യൽ സുപ്പീരിയർ)
സി. ഹിത (അസി. പ്രൊവിൻഷ്യൽ), സി. ലുസെല്ല,
സി. ലിയോണി, സി. ലയ (കൗൺസിലേഴ്സ്),
സി. ശുഭ (സെക്രട്ടറി), സി. ശാന്തി മരിയ (ട്രഷറർ)

**എഫ്.സി.സി. – സെറാഫിക് പ്രൊവിൻസ്, പാലക്കാട്**



റവ. മദർ ഹിപ്പോളിറ്റ (പ്രൊവിൻഷ്യൽ സുപ്പീരിയർ)
സി. ബ്രെൻഡ (അസി. പ്രൊവിൻഷ്യൽ),
സി. ലിറ്റിൽ ഫ്ളവർ, സി. മേരി ഫ്രാൻസിസ്,
സി. അൻസ്മിൻ (കൗൺസിലേഴ്സ്),
സി. റോസ്മ (സെക്രട്ടറി), സി. സീലിയ (ട്രഷറർ).

**എസ്.എ.ബി.എസ്.– വിമൽറാണി പ്രൊവിൻസ്, പാലക്കാട്**



റവ. മദർ വിൻസെൻഷ്യ (പ്രൊവിൻഷ്യൽ സുപ്പീരിയർ)
സി. ലാംബർട്ട് (അസി. പ്രൊവിൻഷ്യൽ), സി. ആനി ഗ്രേയ്സ്,
സി. റോസിലിൻ, സി. ടിൻസി(കൗൺസിലേഴ്സ്),
സി. ടീന (സെക്രട്ടറി), സി. വിമല (ട്രഷറർ)

**താഴെ കൊടുത്തിരിക്കുന്ന ക്രമമനുസരിച്ച് ബഹു. അച്ചന്മാർ നിത്യാരാധന കപ്പേളയിൽ ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് മൂന്നു മണി മുതൽ കുമ്പസാരത്തിനും ദിവ്യബലിക്കും ഉണ്ടായിരിക്കേണ്ടതാണ്.**

| | | | |
|---|---|---|---|
| January | 5 | Sat | Msgr. Joseph Chittilapilly |
| | 12 | Sat | Rev. Fr. Saji Vattukalathil |
| | 19 | Sat | Rev. Fr. Stephen Emmatty |
| | 26 | Sat | Rev. Fr. Martin Thattil |
| February | 2 | Sat | Rev. Fr. Jomis Kodakasseril |
| | 9 | Sat | Rev. Fr. Jaimon Pallineerakkal |
| | 16 | Sat | Rev. Fr. Mathew Vazhayil |
| | 23 | Sat | Rev. Fr. Jose Prakash Thoonikavil |
| March | 2 | Sat | Rev. Fr. Thom Kizhakkedath |
| | 9 | Sat | Rev. Fr. Joshy Pulikottil |
| | 16 | Sat | Rev. Fr. Ceejo Karikkattil |
| | 23 | Sat | Rev. Fr. Jose Kochuparambil |
| | 30 | Sat | Rev. Fr. Antony Vadakkan OFM |
| April | 6 | Sat | Rev. Fr. Dominic Aippenparambil |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Feb-13 | FRI | Rev. Fr. Theruvankunnel George |
| 2-Feb-13 | SAT | Rev. Fr. Thoonikavil Jose Prakash |
| 4-Feb-13 | MON | Rev. Fr. Thottankara Francis |
| 5-Feb-13 | TUE | Rev. Fr. Thottian Paul |
| 6-Feb-13 | WED | Rev. Fr. Thukkuparambil Betson |
| 7-Feb-13 | THU | Rev. Fr. Thuruthuvelil Nilesh |
| 8-Feb-13 | FRI | Rev. Fr. Thuruthipally George |
| 9-Feb-13 | SAT | Rev. Fr. Vadakkekara Goji |
| 12-Feb-13 | TUE | Rev. Fr. Vadakkekara Tom |
| 13-Feb-13 | WED | Rev. Fr. Vadakkumchery Thomas |
| 14-Feb-13 | THU | Rev. Fr. Vadakken Jaison |
| 15-Feb-13 | FRI | Rev. Fr. Valayathil Xavier |
| 16-Feb-13 | SAT | Rev. Fr. Vattukalathil Saji |
| 18-Feb-13 | MON | Rev. Fr. Vazhayil Mathew |
| 19-Feb-13 | TUE | Rev. Fr. Vazheparambil Sebastian |
| 20-Feb-13 | WED | Rev. Fr. Velliamkandathil Jaijin |
| 21-Feb-13 | THU | Rev. Fr. Ackaparambil Joyson |
| 22-Feb-13 | FRI | Rev. Fr. Aippanparambil Dominic |
| 23-Feb-13 | SAT | Rev. Fr. Alackakunnel Jose |
| 25-Feb-13 | MON | Rev. Fr. Aloor John |
| 26-Feb-13 | TUE | Rev. Fr. Angeveettil Jose |
| 27-Feb-13 | WED | Rev. Fr. Anjilimoottil Cherian |
| 28-Feb-13 | THU | Rev. Fr. Aricatt C. Antu |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതമതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 22-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. മൂന്നുവർഷത്തെ സേവനം പൂർത്തിയാക്കിയ കൗൺസിൽ അംഗങ്ങളെ മീറ്റിംഗിൽവെച്ച് ആദരിച്ചു. അഭിവന്ദ്യപിതാവ് മീറ്റിംഗിന് അദ്ധ്യക്ഷതവഹിച്ചു.

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും**

സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം **2013 ജനുവരി 26-ാം തീയതി ശനിയാഴ്ച** രാവിലെ 9.30 മുതൽ 1.00 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00 മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ് ക്വിസ് 2012 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1, 2, 3 റാങ്കുലഭിച്ചവരും 4, 5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതരാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B,C,D,E വിഭാഗങ്ങളിൽ 70% ൽ കൂടുതൽ മാർക്കു ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകയിലേക്കുമുള്ള കവറുകളിൽ നിന്ന് ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്.

**X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച വേദോപദേശത്തിന്റെ X^th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ജനുവരി 28-ാം തിയതി ഉത്തരക്കടലാസിനോടൊപ്പം മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനന തിയതി, മാമ്മോദീസാ തിയതി, തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും

നിർബന്ധമായും പൂരിപ്പിക്കണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചു നൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 15 രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**രണ്ടാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷകൾ**

10, 11, 12 ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 27-ാം തീയതി ഞായറാഴ്ച നടക്കുന്നതായിരിക്കും. 10-ാം ക്ലാസിന് 75 മാർക്കിലും 12-ാം ക്ലാസിന് 80 മാർക്കിലുമായിരിക്കും പരീക്ഷ. 10, 12 ക്ലാസ്സുകൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് 30% മാർക്കിനുള്ള ചോദ്യങ്ങൾ ആദ്യസെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നും ബാക്കി 70% മാർക്കിനുള്ള ചോദ്യങ്ങൾ രണ്ടാം സെമസ്റ്ററിന്റെ പാഠ്യഭാഗത്തുനിന്നുമായിരിക്കും. രണ്ടാം സെമസ്റ്റർ എഴുത്തുപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്കുകൾ നിശ്ചയിക്കുന്നത്. എന്നാൽ റിസൾട്ട് തീരുമാനിക്കുവാൻ പാഠ്യേതര ഇനത്തിലുള്ള മാർക്കു കൂടി പരിഗണിക്കുന്നതാണ്.

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 24 ഞായറാഴ്ചയാണ്.

ജനറൽ ക്വിസ് പഠനഭാഗം

| | |
|---|---|
| ക്ലാസ്സ് V - VII | - പേജ് 184-215 |
| ക്ലാസ്സ് VIII - X | - പേജ് 100-132 |
| ക്ലാസ്സ് XI-XII | - പേജ് 134-149 |

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2013 മാർച്ച് 3-ാം തീയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 100-143) | 50 മാർക്ക് |
| മക്കൾ മാലാഖമാർ | 15 മാർക്ക് |
| യേശുനാമം ഏകരക്ഷാ നാമം | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| | ആകെ - 100 മാർക്ക് |

**റെഗുലർ സ്കൂൾ അർദ്ധവാർഷിക പരീക്ഷ**

X, XI, XII ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2013 ജനുവരി 11-ാം തിയതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

I to IX ക്ലാസ്സുകാർക്ക് വാർഷികപരീക്ഷ 2013 ഫെബ്രുവരി 8 തിങ്കളാഴ്ച നട

ത്തപ്പെടുന്നതാണ്.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ മാങ്കുറുശ്ശി, ഒലിപ്പാറ, ഇളവംമ്പാടം, വയലൂർ, ഷോളയൂർ എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**മാർ ജോസഫ് ഇരിമ്പൻമെമ്മോറിയൽ ക്വിസ് 2012-13**

ഡിസംബർ 8-ാം തിയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് വേദപാഠം പഠിക്കുന്ന കുട്ടികൾക്കായുള്ള മാർ ജോസഫ് ഇരിമ്പൻ മെമ്മോറിയൽ ക്വിസ് മത്സരം നടന്നു. ഫൊറോന ക്വിസ് മത്സരങ്ങളിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങളിൽ നിന്നും വിജയികളായ കുട്ടികൾ രൂപതാതല മത്സരത്തിൽ പങ്കെടുത്തു, സമാപന സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. ജോമി തേക്കുംകാട്ടിൽ സ്വാഗതം ആശംസിക്കുകയും പി.എസ് .എസി.പി സെക്രട്ടറി റവ. ഫാ ജേക്കബ് മാവുങ്കൽ ഫൊറോനതലവിജയികൾക്ക് സമ്മാനം നൽകി ആദരിക്കുകയും ചെയ്തു.

ഡിസംബർ 1-ാം തിയതി പാസ്റ്ററൽ സെന്ററിൽ വെച്ച് മതാദ്ധ്യാപകർക്കായുള്ള മാർ. ജോസഫ് ഇരിമ്പൻമെമ്മോറിയൽ ക്വിസ് മത്സരം രൂപതാതലത്തിൽനടന്നു. ഫൊറോനതലത്തിൽ വിജയികളായ പേർ രൂപതാമത്സരത്തിൽ പങ്കെടുത്തു.

രൂപതാതല മത്സരങ്ങൾ.

| | |
|---|---|
| 1-ാംസമ്മാനം | -1000 രൂപയും എവർറോളിംഗ് ട്രോഫിയും |
| 2-ാം സമ്മാനം | - 750 രൂപയും എവർറോളിംഗ് ട്രോഫിയും |
| 3-ാം സമ്മാനം | - 500 രൂപയും എവർറോളിംഗ് ട്രോഫിയും |

**രൂപതാതല വിജയികൾ**

**H.S.S**

| | | |
|---|---|---|
| I | ഡോണ മാത്യു | |
| | എലിസബത്ത് ബേബി | പാലക്കുഴി |
| II | ജെൻസി പി.ജോൺ | |
| | ഷിൻസി ഫിലിപ്പ് | കാരറ |
| III | സംഗീത സജീവ് | |
| | സ്നേഹ ജെയ്സൺ | വടക്കഞ്ചേരി |

**H.S**

| | | |
|---|---|---|
| I | സ്റ്റെഫി തോമസ് | |
| | റിനി സൈമൺ | വടക്കഞ്ചേരി |
| II | അശ്വിൻ എമ്മാനുവൽ | |

| | | |
|---|---|---|
| | മിനിമോൾ ടോമി | കാഞ്ഞിരപ്പുഴ |
| III | ജിൻസൺ ജോർജ്ജ് | |
| | ലിജി ജോർജ്ജ് | കത്തീഡ്രൽ |

**UP**

| | | |
|---|---|---|
| I | ജോമോൻ ജോസ് | |
| | ടോജോ വർഗീസ് | കടമ്പഴിപ്പുറം |
| II | നമിത ജോർജ്ജ് | |
| | ഡോണിയ ബാബു | മംഗലംഡാം |
| III | എസ്തേർ മരിയ | |
| | ഐറിൻ ബെന്നി | കത്തീഡ്രൽ |

**അദ്ധ്യാപകർ**

| | | |
|---|---|---|
| I | ജോയ് പുത്തൻ വീട്ടിൽ | |
| | സെലിൻ സെബാസ്റ്റ്യൻ | ചിറ്റിലഞ്ചേരി |
| II | ആൻസി ജോയ് | |
| | ചിന്നമ്മ ജെയിംസ് | കടമ്പഴിപ്പുറം |
| III | റെജി ജോൺ | |
| | മേരിക്കുട്ടി ജോസഫ് | പൂഞ്ചോല |

**S.M.C.C. സ്കോളർഷിപ്പ്**

2011-12 സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ സ്കോളർഷിപ്പ് അവാർഡിൽ ഒന്നാംറാങ്ക് ജേതാവായ പൊന്നങ്കോട് ഇടവകാംഗം അമന്റ ബെന്നിനും 80% ൽ കൂടുതൽ മാർക്കുനേടിയ കാരറ ഇടവകാംഗം ജെൻസി പി. ജോണിനും അഭിനന്ദനങ്ങൾ.

## Power Point Presentation Competition

വിശ്വാസവർഷാചരണത്തോടനുബന്ധിച്ച് സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ ഇടവകകളിലെ സൺഡേ സ്കൂൾ യൂണിറ്റുകൾക്കായി Power point presentation' മത്സരം നടത്തുകയാണ്.

**നിബന്ധനകൾ:-**

1. ഇടവകാംഗങ്ങളുടെ സഹകരണത്തോടെ ഇതു തയ്യാറാക്കാവുന്നതാണ്. Power point കൾ തയ്യാറാക്കുന്നത് ഓരോ ക്ലാസിലെയും പാഠപുസ്തകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.
2. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ഓരോ ക്ലാസിലേക്കും പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതാണ്. (ഏതു ക്ലാസിലേയും പുസ്തകത്തെ അടിസ്ഥാനമാക്കി power point കൾ തയ്യാറാക്കി എത്ര power point presentation വേണമെങ്കിലും സൺഡേ സ്കൂൾ യൂണിറ്റുകളിൽ നിന്ന് അയക്കാവുന്നതാണ്)
3. ഓരോ അദ്ധ്യായവും ഓരോ Slide ആയി തയ്യാറാക്കേണ്ടതാണ് (15 അദ്ധ്യായം 15 Slide)

4. ഓരോ അദ്ധ്യായത്തിലെയും പ്രധാനപ്പെട്ട എല്ലാ Point കളും Power Point Presentation ൽ ഉൾക്കൊള്ളിക്കേണ്ടതാണ്.
5. ഒന്നിലധികം Video Clip കൾ ഒരു Slide ൽ ഉൾക്കൊള്ളിക്കാൻ പാടില്ല.
6. സഭയുടെ വിശ്വാസപ്രബോധനങ്ങൾക്കു ചേരാത്ത Clip കളും Image കളും ഉൾക്കൊള്ളിക്കരുത്.
7. ഒരു Slide 10 മിനിറ്റിൽ അവസാനിക്കുന്ന Self Running Mode ൽ ആയിരിക്കണം നൽകേണ്ടത്.
8. ഇതോടൊപ്പം Master CD (Editable) നല്കേണ്ടതാണ്.
9. പാഠപുസ്തകത്തിലെ പ്രധാന Point കൾ ഉൾക്കൊള്ളിക്കുന്നത് അവതരണരീതിയിലെ പുതുമ, സൃഷ്ടിപരത എന്നിവയെ ആശ്രയിച്ചായിരിക്കും Power point Presentation വിലയിരുത്തപ്പെടുക.
10. സഭാതലത്തിൽ അഞ്ചിലധികം Power Point Presentation കൾ മത്സരത്തിനു ലഭിച്ചാൽ മാത്രമെ മത്സരം നടത്തപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം ലഭിക്കുന്ന Power point Presentation കൾക്ക് 1000 രൂപാ വീതം പ്രോത്സാഹന സമ്മാനം സഭാതലത്തിൽനിന്നും വിലയിരുത്തലിനു ശേഷം നൽകുന്നതാണ്.
11. മത്സരത്തിനു ലഭിക്കുന്ന Power Point Presention തിരികെ നൽകുന്നതല്ല. ഇതിന്റെ പൂർണ്ണമായ അവകാശം സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷനായിരിക്കും.
12. മത്സരത്തെ സംബന്ധിച്ച സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ഫലപ്രഖ്യാപനം അന്തിമമായിരിക്കും.
13. Power point presentation കൾ 2013 ഏപ്രിൽ 30 ന് മുമ്പായി ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടെ രൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
14. ഫലപ്രഖ്യാപനം 2013 ജൂലൈ 31 നുമുമ്പായി നടത്തുന്നതും സമ്മാനങ്ങൾ 2013 ലെ പ്രതിഭാസംഗമത്തോടനുബന്ധിച്ചു വിതരണം ചെയ്യുന്നതുമാണ്.

ഒന്നാം സമ്മാനം Rs.5000, രണ്ടാം സമ്മാനം Rs,3000 മൂന്നാം സമ്മാനം Rs 2000 ആദ്യ പത്തുസ്ഥാനങ്ങൾ നേടുന്നവർക്കു സർട്ടിഫിക്കറ്റുകൾ നല്കുന്നതാണ്.

## Essay Competition

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും പ്രത്യേക പഠനവിഷയമാക്കാൻ മർപാപ്പാ നിർദ്ദേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ സഭയിലെ വിശ്വാസപരിശീലകർ സൂനഹദോസിന്റെ പ്രബോധനങ്ങളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും പഠനവിഷയമാക്കുന്നതു പ്രോത്സാഹിപ്പിക്കുന്നതിനായി സീറോ മലബാർ കാറ്റക്കെററി

ക്കൽ കമ്മീഷൻ വിശ്വാസപരിശീലകർക്കായി ലേഖനമത്സരം നടത്തുകയാണ്.

വിഷയം– **' രണ്ടാം വത്തിക്കാൻ സൂനഹദോസും വിശ്വാസപരിശീലനവും'**

**നിബന്ധനകൾ**

*2013 ഏപ്രിൽ 30ന് മുമ്പായി ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടെ രൂപതാ മതബോധനകേന്ദ്രത്തിൽ ലേഖനങ്ങൾ എത്തിക്കേണ്ടതാണ്.

* ലേഖനം 3000വാക്കുകളിൽ കവിയരുത്.
* വിശ്വാസപരിശീലകരായ അല്മായർക്കും സന്ന്യസ്തർക്കും പ്രത്യേകമായിട്ടായിരിക്കും മത്സരം നടത്തുക.
* മത്സരത്തിനു ലഭിക്കുന്ന ലേഖനങ്ങൾ തിരികെ നൽകുന്നതല്ല. ഇതിന്റെ പൂർണ്ണമായ അവകാശം സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷനായിരിക്കും.
* മത്സരത്തെ സംബന്ധിച്ച സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ ഫലപ്രഖ്യാപനം അന്തിമമായിരിക്കും.
* സഭാതലത്തിൽ പത്തിലധികം ലേഖനങ്ങൾ മത്സരത്തിനുലഭിച്ചാൽ മാത്രമെ മത്സരം നടത്തപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം ലഭിക്കുന്ന ലേഖനങ്ങൾക്ക് പ്രോത്സാഹന സമ്മാനം സഭാതലത്തിൽ വിലയിരുത്തലിനു ശേഷം നൽകുന്നതാണ്.
* ഫലപ്രഖ്യാപനം 2013 ജൂലൈ 31 നു മുമ്പായി നടത്തുന്നതും സമ്മാനങ്ങൾ 2013 ലെ പ്രതിഭാ സംഗമത്തോടനുബന്ധിച്ചു വിതരണം ചെയ്യുന്നതുമാണ്.
* ഒന്നാം സമ്മാനം Rs 3000, രണ്ടാം സമ്മാനം Rs 2000, മൂന്നാം സമ്മാനം Rs. 1500. ആദ്യ പത്തുസ്ഥാനങ്ങൾ നേടുന്നവർക്കു സർട്ടിഫിക്കറ്റുകൾ നല്കുന്നതാണ്.

**സൺഡേ സ്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, II HDC ക്ലാസ്സുകളിലെ ഉത്തരകടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഫെബ്രുവരി 10–ാം തിയതി ഞായറാഴ്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10–ാം ക്ലാസ്സിലും II HDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

NB: പഠിപ്പിക്കുന്ന പുസ്തങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**

**A, B, C, D, E വിഭാഗങ്ങളിൽ**

| | |
|---|---|
| ഒന്നാം സമ്മാനം | Rs 1000/+ KCBC സർട്ടിഫിക്കററ് |
| രണ്ടാം സമ്മാനം | Rs 750/+ KCBC സർട്ടിഫിക്കററ് |
| മൂന്നാം സമ്മാനം | Rs 500/+ KCBC സർട്ടിഫിക്കററ് |
| നാലാം സമ്മാനം | Rs 250/+ KCBC സർട്ടിഫിക്കററ് |
| അഞ്ചാം സമ്മാനം | KCBC നൽകുന്ന പുസ്തകം + സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ IIHDC വരെയുള്ള ഓരോ ക്ലാസിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധനകേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കുമുള്ള ട്രോഫികളും ഇടവകകൾക്ക് 25 പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന അനുപാതത്തിൽ പി ഒ സി തരുന്ന സമ്മാനങ്ങളും രൂപതാതല അവാർഡ്ദാന ദിനമായ **2013 ജനുവരി 26-ാം തിയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ** വെച്ച് നടക്കുന്ന മീറ്റിംഗിൽ അഭിവന്ദ്യപിതാവ് നൽകുന്നതാണ്.

**ലോഗോസ് ക്വിസ് 2012 ന്റെ ഫൈനൽ റൗണ്ടുകളുടെ സംപ്രേഷണം ഷാലോം ടി.വി.യിൽ**

5,61,000 പേർ പങ്കാളികളായ ലോഗോസ് ക്വിസ് 2012 ന്റെ അത്യന്തം ഉദ്വേഗജനകമായ ഫൈനൽ റൗണ്ടുകൾ ജനുവരി 15-ാം തീയതി സംപ്രേഷണം ആരംഭിക്കുന്നു. ഷാലോം ടി.വി.യാണ് ലോകത്തിലെ ഏററവും വലിയ ബൈബിൾ ക്വിസിന്റെ ഫൈനൽ,മെഗാഫൈനൽ റൗണ്ടുകൾ സംപ്രേഷണം ചെയ്യുന്നത്. എട്ട് എപ്പിസോഡുകളിലായി A മുതൽ Fവരെയുള്ള 6 പ്രായവിഭാഗങ്ങളിൽപെട്ടവരുടെ ഫൈനൽറൗണ്ടുകളും അവയിലെ പ്രഥമസ്ഥാനീയർക്കിടയിൽലോഗോസ് പ്രതിഭയെ നിർണ്ണയിക്കുന്നതിനായി നടത്തപ്പെട്ട ഗ്രാന്റ് ഫിനാലെയുമാണ് മലയാളിക്കുമുമ്പിൽ വചനാനുഭവമായി അവതരിക്കുന്നത്. ചൊവ്വാഴ്ചകളിൽ രാത്രി 9 മണിക്കായിരിക്കും സംപ്രേഷണം. ഓരോ എപ്പിസോഡും വ്യാഴാഴ്ചകളിൽ രാവിലെ 8.30 നും ഞായറാഴ്ചകളിൽ വൈകീട്ട് 6 മണിക്കും പുനഃസംപ്രേഷണം ചെയ്യപ്പെടും.

**വിശ്വാസവർഷ ബൈബിൾ കലോത്സവം 2012**

ഡിസംബർ 29, 30 തിയ്യതികളിലായി തൃശ്ശൂരിൽ വച്ചുനടന്ന സംസ്ഥാനതല വിശ്വാസവർഷ ബൈബിൾ കലോത്സവത്തിൽ പാലക്കാട് രൂപത 102 പോയിന്റോടുകൂടി 5-ാം സ്ഥാനം കരസ്ഥമാക്കി. മത്സരത്തിൽ ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങൾ നേടിയ കുട്ടികളുടെ പേരുകളും അവരുടെ മത്സര ഇനങ്ങളും ചുവടെ ചേർക്കുവന്നു.

**സങ്കീർത്തനാലാപനം ജൂനിയർ**

Neepu I. K. Irumpakachola Ist Prize

**സങ്കീർത്തനാലാപനം സീനിയർ**

Abitha Chadranagar Ist Prize

**ലളിതസംഗീതം സീനിയർ പെൺകുട്ടികൾ**

Ann Mariya Alanallur IIIrd Prize

**ഗ്രൂപ്പ് ഡാൻസ് സീനിയർ**

St. Rapheal's Cathedral Team, Palakkad Ist Prize

**ഗ്രൂപ്പ് ഡാൻസ് ജൂനിയർ**

Divine Providence Church Team, Chandranagar Ist Prize

മറ്റിനങ്ങളിൽ വിവിധ ഗ്രേഡുകൾ കരസ്ഥമാക്കിയവർക്കും അഭിനന്ദനങ്ങൾ! പങ്കെടുത്തവർക്കും പ്രോത്സാഹനം നൽകിയവർക്കും പ്രത്യേകം നന്ദി.

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പസ്റ്റോലേറ്റ്

ABA **അൾത്താരസംഘം**

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

അൾത്താരസംഘം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിലേക്ക് എല്ലാ ഭാരവാഹികളേയും ക്ഷണിക്കുന്നു. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് 2013 ഫെബ്രുവരി 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിലേക്ക് എല്ലാ ഭാരവാഹികളേയും ക്ഷണിക്കുന്നു. കൂടുതൽ സൗകര്യപ്രദമെന്ന് കാണുകയാൽ, ഇനിമുതൽ എല്ലാവർഷവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം രണ്ടാം ശനിയാഴ്ചയായിരിക്കും.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ തിരുബാലസഖ്യം

# സി. എൽ. സി

ഏവർക്കും പാലക്കാട് രൂപത സി.എൽ.സി.യുടെ പുതുവത്സരാശംസകൾ. പഴയ മനുഷ്യനെ ഉരുഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുവാനും മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും ഓരോ സി.എൽ.സി. അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് പരി. കന്യകാമറിയം വഴി പ്രാർത്ഥിക്കുന്നു.

**മാർ ജോസഫ് ഇരുമ്പൻ മെമ്മോറിയൽ പ്രസംഗമത്സര വിജയികൾ**

**സീനിയർ വിഭാഗം**

| | | |
|---|---|---|
| Ist | Sachin Babu | St. Xavier's Forane Church, Mangalamdam |
| IInd | Steena Das | St. Mary's Forane Church, Thattamangalam |
| IIIrd | Aiswarya Elizabeth | Little Flower Church, Karimba |

**ജൂനിയർ വിഭാഗം**

| | | |
|---|---|---|
| Ist | Jinu . S | St. Raphael's Cathedral |
| IInd | Jibin Pious | Christ the King Church, Nemmara |
| IIIrd | Donia Babu | St. Xavier's Forane Church, Mangalamdam |

എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ...

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.

# കെ. സി. വൈ. എം

**രൂപത വാർഷിക സെനറ്റ് (ജനുവരി 11, 12)**

"നവ സുവിശേഷവൽക്കരണം നവയുഗ സൃഷ്ടിക്ക്" എന്ന പഠന പ്രവർത്തന വിഷയത്തിലൂന്നി K.C.Y.M പാലക്കാട് രൂപത സമിതിയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഇവിടെ സമാപിക്കുകയായി. പിന്നിട്ട വഴികളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും അടുത്ത പ്രവർത്തനവർഷത്തേക്ക് യുവജന ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടവരെ കണ്ടെത്തുന്നതിനുമായി രൂപതയിലെ മുഴുവൻ യുവജന നേതാക്കളും 2012 ജനുവരി 11, 12 തിയ്യതികളിൽ രൂപത പാസ്റ്ററൽ സെന്ററിൽ ഒരുമിച്ച് കൂടുന്നു.

പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ ഒരു യൂണിറ്റിൽനിന്നും 5 ഭാരവാഹികൾ (മൂന്ന് ആൺകുട്ടികൾ, 2 പെൺകുട്ടികൾ) ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടെ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. 11ന് വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന സെനറ്റ് 12ന് 3 മണിയോട് കൂടി സമാപിക്കും. രൂപതയിൽ 2012 പ്രവർത്തനവർഷത്തിൽ അഫിലിയേറ്റ് ചെയ്യുകയോ, പുതുക്കുകയോ ചെയ്തിട്ടുള്ള യൂണിറ്റുകളാണ് സെനറ്റിൽ സംബന്ധിക്കേണ്ടത്. പങ്കെടുക്കുന്നവർ മുഴുവൻ സമയവും സെനറ്റിൽ സംബന്ധിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് യൂണിറ്റ് ഒന്നിന് 250 രൂപ നൽകേണ്ടതാണ്. യൂണിറ്റ്, ഫൊറോന ആനിമേറ്റർമാരും സെനറ്റിൽ പങ്കെടുക്കേണ്ടതാണ്. ഫൊറോന റിപ്പോർട്ട് രൂപതയിൽ നിന്ന് നൽകപ്പെടുന്ന ഫോർമാറ്റിൽ ഫൊറോന ഡയറക്ടർ അച്ചന്മാരുടെ ഒപ്പ് സഹിതമാണ് അവതരിപ്പിക്കേണ്ടത്. ഫൊറോന ഭാരവാഹികൾ തങ്ങളുടെ യൂണിറ്റിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തേണ്ടതും അതത് യൂണിറ്റ് സാക്ഷ്യപത്രത്തിൽ അവരുടെ പേര് ഉൾപ്പെടേണ്ടതുമാണ്.

**അഭിവന്ദ്യ പിതാവുമൊത്ത്**

പാലക്കാട് രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനെ ഡിസംബർ 23ന് കെ.സി.വൈ.എം. രൂപത സമിതി സന്ദർശിക്കുകയും ക്രിസ്തുമസ്സ് ആശംസകൾ നേരുകയും ചെയ്തു.

## YEAST (Youth Empowerment and Spiritual Training)

Yeast ഡിസംബർ മാസ ക്ലാസ്സുകൾ 28-12-2012 ന് കരിമ്പ തിരുകുടുംബാശ്രമത്തിൽവെച്ച് നടന്നു. വി. കുർബാനയോടുകൂടി ആരംഭിച്ച പരിപാടിയിൽ

Yeast അംഗങ്ങൾ വിവിധങ്ങളായ പരിപാടികളിലൂടെ തിരുകുടുംബാശ്രമത്തിലെ കുഞ്ഞുങ്ങളുമായി സംവദിക്കുകയും ചെയ്തു. ഒരുവർഷക്കാലം കെ.സി.വൈ.എം. പാലക്കാട് രൂപതയെ നയിച്ച രൂപത സമിതിക്ക് Yeast അംഗങ്ങൾ യാത്രയയപ്പ് നൽകി.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ, കെ.സി.വൈ.എം.

## ജീസസ് യൂത്ത്

**ക്രിസ്തുമസ് ആഘോഷം**

പാലക്കാട് ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 16ന് ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ വെച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. മാതാപിതാക്കളും കുട്ടികളുമടക്കം ഇരുന്നൂറോളം പേർ പങ്കെടുത്ത പ്രോഗ്രാമിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് ക്രിസ്തുമസ് സന്ദേശം നൽകി. കുട്ടികളും യുവജനങ്ങളും മാതാപിതാക്കളും അവതരിപ്പിച്ച വിവിധ കലാപരിപാടികളും സംഗീതവിരുന്നും ഏറെ ഹൃദ്യമായ അനുഭവമായിരുന്നു. പരിപാടിയിൽ സംബന്ധിച്ച ഏവർക്കും അഭിനന്ദനങ്ങൾ

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**

ഡയറക്ടർ, ജീസസ് യൂത്ത്

## മാതൃസംഘം

**രൂപതാതല വാർഷിക ജനറൽബോഡി**

2013 ജനുവരി രണ്ടാംശനിയാഴ്ച (12-01-2013) പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് രാവിലെ 10 മുതൽ 3.30 പിഎം വരെ ജനറൽബോഡി മീറ്റിംഗ് കൂടുന്നു. വാർഷിക റിപ്പോർട്ട് കൊണ്ടുവരണം. രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 50 രൂപ. അഫിലിയേഷൻ (2013) ഫോമും തുകയും രൂപതയിൽ ഏൽപ്പിക്കുക.

പങ്കെടുക്കേണ്ടവർ: യൂണിറ്റ് ഭാരവാഹികൾ, ആനിമേറ്റേഴ്സ് (6 പേർ).

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**

ഡയറക്ടർ, മാതൃസംഘം

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2013 ജനുവരി 7, 8, 9, 10** തിയ്യതികളിൽ **2013ഫെബ്രുവരി 4, 5, 6, 7** തിയ്യതികളിൽ, മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ജനുവരി | 06–11 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജനുവരി | 13–18 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ &<br>ഫാ. സാജു ഇലഞ്ഞിയിൽ |
| ജനുവരി | 21–23 | APC Kingdom Fire (വൈദികർ)<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജനുവരി | 24–26 | സിസ്റ്റേഴ്സിനുള്ള വളർച്ചാധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജനുവരി 27 | ഫെബ്രു. 1 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻസ്**

ജനുവരി 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോ യിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

നമ്മുടെ രൂപതയുടെ ഔദ്യോഗിക സാമൂഹ്യ സേവന വിഭാഗമായ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ജനറൽബോഡി അംഗങ്ങളുടെ കാലാവധി തീരുകയാണ്. കഴിഞ്ഞ 3 വർഷം ജില്ലയിലെ പാവപ്പെട്ടവർക്കു വേണ്ടി നിലകൊള്ളുവാൻ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയെ പ്രാപ്ത മാക്കുകയും സൊസൈറ്റിയുടെ ഏറ്റവും പ്രധാന ആലോചനാസമിതിയായി സന്നദ്ധസേവനം നൽകുകയും ചെയ്ത എല്ലാ മെമ്പർമാർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ അടുത്ത മൂന്നു വർഷത്തേക്കുള്ള ജനറൽബോഡി രൂപീകരിക്കുന്ന സമയമാണിത്. ഓരോ ഇടവകയിൽനിന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു പുരുഷനേയും ഒരു സ്ത്രീയേയും ആസമയത്ത് ഫൊറോന സമിതിയിലേക്കും, ഫൊറോന സമി തിയിൽനിന്നും ഒരു പുരുഷനേയും സ്ത്രീയേയും പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ജനറൽബോഡി അംഗങ്ങളായും തെരഞ്ഞെടുത്ത് ഫൊറോന വികാരി അയച്ചുതരണം.

ഈ വിവരം ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ അറിയിക്കുകയും ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര് വിവരം 2013 ജനു വരി 28-ാം തിയ്യതിക്ക് മുൻപായി ഫൊറോന വികാരിമാരെ അറിയിക്കുകയും ഫൊറോന വികാരിമാർ ഈ തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഫൊറോന മീറ്റിംഗ് വിളിച്ചുകൂട്ടി പുരുഷനേയും സ്ത്രീയേയും ഫൊറോനയിൽനിന്ന് നിർദ്ദേശിക്കുന്ന രണ്ടു വികാരിയച്ചന്മാരുടെയും പേര് 2013 ഫെബ്രുവരി 28 -ാം തിയ്യതിക്കകം പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ എക്സിക്ക്യൂ ട്ടീവ് സെക്രട്ടറിയെ ഏൽപ്പിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

**മോൺ ജോസഫ് ചിറ്റിലപ്പിള്ളി**
പ്രസിഡന്റ്, പി.എസ്.എസ്.പി.

മാന്യ മിത്രമെ,

പാലക്കാടൻ മണ്ണിന്റെ പെരുമയും വിളകളുടെ പൊലിമയും തൊട്ടറി യാനും കൃഷിയുടെയും കർഷകന്റെയും മഹത്വം തുറന്നു കാണിക്കാനും

കൂട്ടായ പ്രവർത്തനങ്ങളിലൂടെ പാലക്കാടിന്റെ മഹത്തായ കാർഷിക പൈതൃകം ഊട്ടി ഉറപ്പിച്ചുകൊ് അതിൽ ഭാഗഭാക്കുകളാകാനും ജൈവ, പ്രകൃതി കൃഷിയുടെ മഹനീയത പൊതുജനസമക്ഷം എടുത്തുകാണിക്കുന്നതിനുമായി പീപ്പിൾസ് സർവ്വീസ് സൊസൈറ്റി, പാലക്കാടും അാഞ്ഞ (കേരള കൃഷി വകുപ്പ്)യും സംയുക്തമായി ജില്ലാതല കാർഷിക പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നു. പൊലിമ കാർഷികോത്സവത്തിന്റെയും കാർഷികോൽപ്പന്ന സംഭരണ വിതരണത്തിന്റെയും ഉദ്ഘാടനം ജനുവരി 4–ാം തിയതി രാവിലെ 9.00 മണിക്ക് ബഹു. കേന്ദ്ര ഭക്ഷ്യ പൊതു വിതരണ വകുപ്പ് സഹമന്ത്രി പ്രൊഫ. കെ. വി. തോമസ് നിർവ്വഹിക്കും.

പ്രകൃതി കൃഷിക്ക് മുൻഗണന നൽകിക്കൊുള്ള കൃഷി രീതികൾ, സുരക്ഷിത ഭക്ഷണം, പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്ക്കരണം, ആരോഗ്യം, വിജ്ഞാനം, മൃഗസംരക്ഷണം, അക്ഷയ ഊർജ്ജ വിനിയോഗം, വിവിധ വികസന മുന്നേറ്റ മാതൃകകൾ തുടങ്ങി വിവിധ മേഖലകളെ ഒരു കുടക്കീഴിൽ അണിനിരത്തുന്നു. കാർഷികോല്പന്നങ്ങളുടെയും കാർഷികോല്പാദനോപാധികളുടെയും പ്രദർശനം, വിപണനം, വിളമത്സരം, സെമിനാറുകൾ, സിമ്പോസിയം, ചർച്ചാ ക്ലാസ്സുകൾ, സാങ്കേതിക പരിശീലനങ്ങൾ, കാർഷിക അവാർഡ് ജേതാക്കളെ ആദരിക്കൽ, ഭക്ഷ്യമേളകൾ, മത്സരങ്ങൾ, വിവിധ കലാപരിപാടികൾ തുടങ്ങിയവ മേളയ്ക്ക് മാറ്റേകുന്നു. കാർഷിക മേഖലയുടെ സ്പന്ദനങ്ങൾക്ക് പുത്തനുണർവ്വ് നല്കുന്ന ഈ ഉദ്യമത്തിൽ സമൂഹത്തിലെ നാനാതുറകളിലുള്ള പ്രമുഖർ, രാഷ്ട്രീയ - സാമൂഹ്യ - സാംസ്ക്കാരിക - ആത്മീയ നായകന്മാർ, ജനപ്രതിനിധി കൾ, കാർഷിക സർവ്വകലാശാല വിദഗ്ധർ, കർഷക അവാർഡ് ജേതാക്കൾ, പരമ്പരാഗത കർഷകർ, യുവകർഷകർ, സന്നദ്ധസംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

2013 ജനുവരി 4, 5, 6, 7 തിയ്യതികളിൽ പാലക്കാടിന്റെ തിരുമുറ്റത്ത് മുനിസിപ്പൽ ടൗൺഹാളിൽവച്ച് നടത്തപ്പെടുന്ന പൊലിമ കാർഷികോത്സവത്തിലേയ്ക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം.

എന്ന്,

| | |
|---|---|
| **P.M. അലി അസ്ഗർ I.A.S**<br>ജില്ലാകളക്ടർ, പാലക്കാട്<br>ചെയർമാൻ | **ഫാ. ജേക്കബ് മാവുങ്കൽ**<br>എക്സി. സെക്രട്ടറി, PSSP<br>ജനറൽ കൺവീനർ |
| **G. സുദർശനൻ**<br>പ്രിൻസിപ്പൽ അഗ്രി. ഓഫീസർ<br>ജോയിന്റ് കൺവീനർ | **പി. ശിവശങ്കരൻ ആചാരി**<br>കൃഷി ഓഫീസർ, PSSP<br>സ്റ്റാഫ് കോർഡിനേറ്റർ |

**2013 ജനുവരി 4 വെള്ളിയാഴ്ച**
**പൊലിമ കാർഷികോത്സവ ഉദ്ഘാടനം**

| | | |
|---|---|---|
| 9.00 am | : | പ്രാർത്ഥന |
| സ്വാഗതം | : | ഫാ.ജേക്കബ് മാവുങ്കൽ<br>എക്സി.സെക്രട്ടറി, PSSP<br>ജനറൽ കൺവീനർ, പൊലിമ |
| അദ്ധ്യക്ഷൻ | : | മാർ ജേക്കബ് മനത്തോടത്ത്<br>പാലക്കാട് രൂപതാദ്ധ്യക്ഷൻ |
| കാർഷികോത്സവം, കാർഷികോൽപ്പന്ന സംഭരണ വിതരണ ഉദ്ഘാടനം | : | പ്രൊഫ. കെ. വി. തോമസ്<br>ബഹു. കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സഹമന്ത്രി |
| പ്രദർശന ഉദ്ഘാടനം | : | ശ്രീ. എം.ബി. രാജേഷ്, M.P. |
| സെമിനാർ ഉദ്ഘാടനം | : | ശ്രീ. ഷാഫി പറമ്പിൽ, MLA |
| കാർഷിക അവാർഡു ജേതാക്കളെ ആദരിക്കൽ. | : | ശ്രീ. ടി. എൻ. കമുത്തൻ<br>(പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്) |
| തെങ്ങുകയറ്റ യന്ത്രം വിതരണോദ്ഘാടനം | : | ശ്രീ. എ. അബ്ദുൾ ഖുദ്ദൂസ്<br>ചെയർമാൻ, പാലക്കാട് മുനിസിപ്പാലിറ്റി |
| പരിശീലനം ഉദ്ഘാടനം | : | ശ്രീ. P. M. അലി അസ്ഗർ പാഷ IAS<br>ജില്ലാ കളക്ടർ, ചെയർമാൻ, പൊലിമ |
| മുഖ്യ പ്രഭാഷണം | : | ശ്രീ. ജി. സുദർശനൻ<br>പ്രിൻസിപ്പൽ അഗ്രി. ഓഫീസർ,<br>ജോയിന്റ് കൺവീനർ, പൊലിമ |
| വിശിഷ്ടാതിഥികൾ | : | മോൺ. ജോസഫ് ചിറ്റിലപ്പിള്ളി,<br>പ്രസിഡന്റ്, PSSP |
| | : | ശ്രീമതി. ഒ. എ. ഫിലോമിന<br>കൗൺസിലർ, പാലക്കാട് മുനിസിപ്പാലിറ്റി |
| കൃതജ്ഞത | : | ശ്രീ.പി.ശിവശങ്കരൻ ആചാരി,<br>കൃഷി ഓഫീസർ, PSSP |
| **10.30am** | **:** | **കാർഷിക സെമിനാർ** |
| അദ്ധ്യക്ഷൻ | : | ഡോ. മാത്യു വാഴയിൽ<br>സെന്റ് റാഫേൽസ് കത്തീഡ്രൽ |
| ഉദ്ഘാടനം | : | ശ്രീ. കെ. സി.മാണി<br>ജോയിന്റ് RTO, നിലമ്പൂർ |
| വിഷയം | : | **വിത്ത് പരിചരണം ആധുനിക കൃഷിയിൽ** |
| ക്ലാസ്സ് നയിക്കുന്നത് | : | ശ്രീ. അശോക് കുമാർ തെക്കൻ<br>കേരള സംസ്ഥാന വിത്ത് വികസന<br>അതോറിറ്റി, തൃശ്ശൂർ |
| ചർച്ച | : | |
| നാടൻ മത്സരം | : | **നെല്ലുകുത്ത് (ഡബിൾസ്)** |
| 2.00pm | **:** | **സിമ്പോസിയം** |
| മോഡറേറ്റർ | : | ഡോ. വി. ആർ. ഹരിദാസ് |

| | | |
|---|---|---|
| | | മാനേജർ, കാരിത്താസ് ഇൻഡ്യ |
| വിഷയം | : | **സൂക്ഷ്മ കൃഷി, രാസ കൃഷി, ജൈവ കൃഷി, പ്രകൃതി കൃഷി** |
| പങ്കെടുക്കുന്നവർ | : | 1. ശ്രീ. കെ. കൃഷ്ണൻകുട്ടി<br>സംസ്ഥാന കാർഷിക നയരൂപീകരണ സമിതി ചെയർമാൻ<br>2. ശ്രീമതി. മിനി ജോർജ്<br>കൃഷി ഓഫീസർ, കുഴൽമന്ദം<br>3. ഡോ. ജോഷി ചെറിയാൻ<br>MD, Omega Eco Tech.<br>4. ശ്രീ. ഷാജി ഇലഞ്ഞിമറ്റം<br>ചീഫ് കോർഡിനേറ്റർ, PSSP |
| പ്രതികരണം | : | കർഷകർ |
| 6.00pm | : | **കലാവിരുന്ന്** |
| 8.00pm | : | **സമ്മാനകൂപ്പൺ നറുക്കെടുപ്പ്** |

**2013 ജനുവരി 5 ശനിയാഴ്ച**

**സ്നേഹോത്സവം**

| | | |
|---|---|---|
| 10.30am | : | സ്നേഹോത്സവ കൂട്ടായ്മ |
| 2.00pm | : | കാർഷിക സെമിനാർ |
| അദ്ധ്യക്ഷൻ | : | ഫാ. ജോസ് കൊച്ചുപറമ്പിൽ<br>ഒലവക്കോട് ഫൊറോന വികാരി |
| ഉദ്ഘാടനം | : | ശ്രീ. എസ്.പത്മനാഭൻ<br>ജില്ലാ ഡവലപ്പ്മെന്റ് മാനേജർ, നബാർഡ് |
| മുഖ്യപ്രഭാഷണം | : | ഫാ. സീജോ കാരിക്കാട്ടിൽ<br>അസി. ഡയറക്ടർ, PSSP |
| മുഖ്യാതിഥി | : | കുമാരി ഷിന്റോ ജോസഫ്<br>സേവ് എ ഫാമിലി പ്ലാൻ |
| ക്ലാസ് | : | ഡോ. മാധവ ചന്ദ്രൻ. കെ, Scientist CWRDM |
| വിഷയം | : | **ജലവിനിയോഗം വിളകൾക്ക്** |
| നാടൻ മത്സരം | : | **കൊട്ടടക്ക പൊളിക്കൽ** |
| **2.00pm** | **:** | **കാർഷിക സെമിനാർ** |
| ഉദ്ഘാടനം | : | ശ്രീ.പി.കെ.ബിജു, MP |
| അദ്ധ്യക്ഷൻ | : | ശ്രീ. ബിമൽഘോഷ്<br>അസി.ഡയറക്ടർ ഓഫ് അഗ്രി., മണ്ണാർക്കാട് |
| വിഷയം | : | **കൃഷിയും മൃഗപരിപാലനവും** |
| ക്ലാസ്സ് നയിക്കുന്നത് | : | ഡോ. എൻ. ശുദ്ധോധനൻ<br>ഡപ്യൂട്ടി ഡയറക്ടർ,<br>മൃഗസംരക്ഷണ വകുപ്പ്, പാലക്കാട് |
| ചർച്ച | : | |
| 6.00pm | : | **കലാവിരുന്ന്** |
| 8.00pm | : | **സമ്മാനകൂപ്പൺ നറുക്കെടുപ്പ്** |

**2013 ജനുവരി 6 ഞായറാഴ്ച**

| | | |
|---|---|---|
| **10.30am** | **:** | **കാർഷിക സെമിനാർ** |
| അദ്ധ്യക്ഷൻ | : | ഫാ. മൈക്കിൾ വെട്ടിക്കാട്ട്<br>കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി |
| ഉദ്ഘാടനം | : | അഡ്വ. കെ. വി. മാണി<br>കേരള സ്റ്റേറ്റ് വാട്ടർ അതോറിറ്റി മെമ്പർ |
| മോഡറേറ്റർ | : | ശ്രീ. പി. ജയചന്ദ്രൻ നായർ<br>ജോയിന്റ് ടെക്നിക്കൽ ഡയറക്ടർ, അനർട്ട് |
| വിഷയം | : | **പരിസ്ഥിതി സംരക്ഷണവും<br>അക്ഷയോർജ്ജ സ്രോതസ്സുകളും** |
| നയിക്കുന്നത് | : | ഡോ. ഷാജി ജയിംസ്<br>കൃഷി വിജ്ഞാൻ കേന്ദ്ര, പട്ടാമ്പി |
| ചർച്ച | : | |
| നാടൻ മത്സരം | : | **തേങ്ങാ പൊതിച്ച് ചിരവൽ (കപ്പിൾസ്)** |
| **2.00pm** | **:** | **കാർഷിക സെമിനാർ** |
| അദ്ധ്യക്ഷൻ | : | ഫാ. റൊമാൻസ് ആന്റണി<br>ഡയറക്ടർ, കേരള സോഷ്യൽ സർവ്വീസ് ഫോറം |
| ഉദ്ഘാടനം | : | ശ്രീ. കെ.വി.വിജയദാസ്, എം. എൽ. എ. |
| വിഷയം | : | **വാഴകൃഷിയിലെ മൂല്യവർദ്ധനാ സാദ്ധ്യതകൾ** |
| നയിക്കുന്നത് | : | ശ്രീ. കെ. ജി. ഗിരീഷ് കുമാർ<br>എക്സി.ഡയറക്ടർ, പ്രോവിൻസ്<br>അഗ്രി. സിസ്റ്റം, തിരുവനന്തപുരം |
| ചർച്ച | : | |
| 6.00pm | : | **കലാവിരുന്ന്** |
| 8.00pm | : | **സമ്മാനകൂപ്പൺ നറുക്കെടുപ്പ്** |

**2013 ജനുവരി 7 തിങ്കളാഴ്ച**

| | | |
|---|---|---|
| 10.30am | **:** | **കാർഷിക സെമിനാർ** |
| അദ്ധ്യക്ഷൻ | : | ഫാ.ജോമിസ് കൊടകശ്ശേരിൽ<br>ഡയറക്ടർ, പാസ്റ്ററൽ സെന്റർ |
| ഉദ്ഘാടനം | : | ശ്രീ. എ.കെ. ബാലൻ, എം.എൽ.എ. |
| വിഷയം I | : | **കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും<br>ബാങ്കുകളുടേയും കാർഷിക വികസന<br>സാമ്പത്തിക സഹായ പദ്ധതികൾ** |
| നയിക്കുന്നത് | : | ശ്രീ. കെ. ഡി. ജോസഫ്<br>ഡയറക്ടർ, ജൻ ശിക്ഷൻ സൻസ്ഥാൻ, പാലക്കാട് |
| വിഷയം കക | : | നാളികേരോൽപ്പാദകസംഘങ്ങളും<br>മൂല്യവർദ്ധന സാദ്ധ്യതകളും |
| നയിക്കുന്നത് | : | ശ്രീ.ടി.കെ.ജോസ് IAS<br>ചെയർമാൻ, നാളികേര വികസന ബോർഡ് |
| ചർച്ച | : | |
| നാടൻ മത്സരം | : | **തെങ്ങ് കയറ്റം** |
| 2.00pm | : | സമാപന സമ്മേളനം |
| പ്രാർത്ഥന | : | |

| | | |
|---|---|---|
| സ്വാഗതം | : | ശ്രീമതി. ടി.എൻ. സുധ<br>പ്രോജക്ട് ഡയറക്ടർ, ATMA |
| പൊലിമ റിപ്പോർട്ട് | : | ശ്രീ. പി. ശിവശങ്കരൻ ആചാരി<br>കൃഷി ഓഫീസർ, PSSP |
| അദ്ധ്യക്ഷൻ | : | മോൺ. ജോസഫ് ചിറ്റിലപ്പിള്ളി<br>പ്രസിഡന്റ്, PSSP |
| ഉത്ഘാടനം | : | അഡ്വ.എൻ.ഷംസുദ്ദീൻ. എം.എൽ.എ. |
| വിശിഷ്ടാതിഥി | : | ശ്രീ. പി.എം. അലി അസ്ഗർ പാഷ IAS,<br>ജില്ലാ കളക്ടർ, പാലക്കാട് |
| പ്രഭാഷണം | : | 1. ശ്രീ. കെ. ഇ. ഹനീഫ<br>ചെയർമാൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പാലക്കാട് ജില്ലാ പഞ്ചായത്ത്.<br>2. ശ്രീ. ജി. സുദർശനൻ<br>പ്രിൻസിപ്പൽ അഗ്രി. ഓഫീസർ, പാലക്കാട്<br>3. ഡോ. എം. സുമംഗല<br>ജില്ലാ മൃഗ സംരക്ഷണ ഓഫീസർ, പാലക്കാട് |
| സമ്മാനദാനം | : | |
| കൃതജ്ഞത | : | ശ്രീ. ഷാജി ഇലഞ്ഞിമറ്റം<br>ചീഫ് കോ ഓർഡിനേറ്റർ, PSSP. |
| ദേശീയഗാനം | : | |
| 6.00pm | : | **കലാവിരുന്ന്** |
| 8.00pm | : | **സമ്മാനകൂപ്പൺ നറുക്കെടുപ്പ്** |

**വിദഗ്ധ പരിശീലനം (എല്ലാ ദിവസവും)**

| **No.** | **വിഷയം** | **പരിശീലനദൈർഘ്യം** |
|---|---|---|
| 1. | കൂൺകൃഷി | 3 മണിക്കൂർ |
| 2. | കൂൺസംസ്ക്കരണവും ഉത്പന്നങ്ങളും | 3 മണിക്കൂർ |
| 3. | ബേക്കറി ഉത്പന്നങ്ങൾ | 4 മണിക്കൂർ |
| 4. | ചക്ക സംസ്ക്കരണം | 4 മണിക്കൂർ |
| 5. | പരമ്പരാഗത പലഹാരങ്ങൾ | 4 മണിക്കൂർ |
| 6. | തേനീച്ച വളർത്തലും, | |
| | തേൻ സംസ്ക്കരണവും | 3 മണിക്കൂർ |
| 7. | പാളപ്ലേറ്റു നിർമ്മാണം | 3 മണിക്കൂർ |
| 8. | പേപ്പർ ബാഗ് നിർമ്മാണം | 3 മണിക്കൂർ |
| 9. | ഫാബ്രിക് പെയിന്റിംഗ് | 5 മണിക്കൂർ |
| 10. | സ്ക്രീൻ പ്രിന്റിംഗ് | 5 മണിക്കൂർ |
| 11. | പോട്ട് പെയിന്റിംഗ് (DECO PAGE) | 5 മണിക്കൂർ |
| 12. | സോപ്പ് & ഡിറ്റർജെന്റ് | 3 മണിക്കൂർ |
| 13. | ഹാൻഡ് എംബ്രോയ്ഡറി | 3 ദിവസം |
| 14. | ജ്വല്ലറി മേക്കിംഗ് | 3 ദിവസം |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**2012 നവംബർ**

28-30 – മൂണ്ടൂർ യുവക്ഷേത്രയിൽ വൈദികർക്കായി നടത്തപ്പെട്ട തുടർപരിശീലനപരിപാടിയിൽ സംബന്ധിച്ചു.

**2012 ഡിസംബർ**

2 – ഇളവംമ്പാടം സെന്റ് തോമസ് ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി. വി. കുർബാനയർപ്പിച്ചു, കുടുംബയൂണിറ്റുകൾ സന്ദർശിച്ചു.

3 – കൊട്ടേക്കാട് സ്നേഹജ്വാലയിൽ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചിരിച്ചു. വി. കുർബാനയർപ്പിച്ചു.

4 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

5 – പാലന ആശുപത്രി ട്രസ്റ്റീസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

6 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഡീക്കന്മാർക്കും വൈദികർക്കുമായി നടത്തിയ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– ത്രിത്വമലയിൽ പാലക്കാട് സെറാഫിക് പ്രൊവിൻസ് 'ആകാശപറവകൾ'ക്കായി ആരംഭിച്ച 'അസ്സീസ്സി നിവാസ്' വെഞ്ചിരിച്ചു. വി. കുർബാനയർപ്പിച്ചു.

7 – പാസ്റ്ററൽ സെന്ററിൽ പ്രാർത്ഥനകൂട്ടായ്മ ലീഡേഴ്സിന് സന്ദേശം നൽകി.

– മരിയനഗർ സെന്റ് മേരീസ് പള്ളിയിൽ മരിയൻകൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

8 – സീനായ് ധ്യാനകേന്ദ്രത്തിൽ ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

9 - തിരുവിഴാംകുന്ന് സെക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

- അലനെല്ലൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

10 - യുവക്ഷേത്രയിൽ യുവവൈദികർക്കായി നടത്തിയ പ്രായോഗിക പരിശീലനക്ലാസ്സിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

11-13- പി.ഒ.സി.യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു.

13 - പി.ഒ.സി.യിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ അദ്ധ്യക്ഷംവഹിച്ചു.

14 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

15 - സെറാഫിക് പ്രൊവിൻഷ്യൽ സിനാക്സിസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

16 - പാലക്കാട് ടൗൺ ഹാളിൽ ടൗൺമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കൺവെൻഷനിൽ സംബന്ധിച്ചവർക്ക് ക്രിസ്തുമസ്സ് സന്ദേശം നൽകി.

- പാസ്റ്ററൽ സെന്ററിൽ ജീസ്സസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ്സ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

17 - സേലം സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ച് വി. കുർബാനയർപ്പിച്ചു.

18 - അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

19 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- കരിമ്പയിൽ ആകാശപറവകൾക്കുവേണ്ടിയുള്ള തിരുക്കുടുംബാശ്രമവും ത്രിത്വാശ്രമവും സന്ദർശിച്ചു.

- മലമ്പുഴ സ്ഥാപനങ്ങൾ സന്ദർശിച്ചു.

20 - ക്രിസ്തുമസ് പ്രമാണിച്ച് ഓർഫനേജുകളും വൃദ്ധമന്ദിരങ്ങളും സന്ദർശിച്ച് മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

21 - വടക്കഞ്ചേരി ദൈവദാൻ വൃദ്ധമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.

- മംഗലംഡാം സെന്റ് സേവ്യേഴ്സ് സെൻട്രൽ സ്കൂളിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ അദ്ധ്യക്ഷംവഹിച്ചു.

- പാലന ആശുപത്രിയിലെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

22 - പാലക്കാട് ജില്ലാ ആശുപത്രിയിൽ കൊട്ടേക്കാട് സ്നേഹജ്വാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ സംബന്ധിച്ച് രോഗികൾക്ക് കേക്ക് വിതരണം ചെയ്തു.

- പാസ്റ്ററൽ സെന്ററിൽ കാറ്റികിസം കൗൺസിൽ അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

- ആയുർപാലന ആശുപത്രിയിലെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

23 - അരമനയിൽ ക്രിസ്തുമസ് മംഗളങ്ങൾ നേരാൻ വന്നവരെ സ്വീകരിച്ചു.

- മൈനർ സെമിനാരിയിൽ രൂപതയിലെ എല്ലാ വൈദികവിദ്യാർത്ഥികളോടൊപ്പം ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു.

24 - ധോണി മരിയൻ റിന്യൂവൽ സെന്ററിന്റെ വചന ഹാൾ വെഞ്ചിരിച്ചു.

25 - കത്തീഡ്രലിൽ പിറവിക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

26 - നെന്മാറ ക്രൈസ്റ്റ് കിംഗ് ദൈവാലയത്തിൽ ഡീക്കൻ അൽജോ കുറ്റിക്കാടന് വൈദികപട്ടം നൽകി.

- കഞ്ചിക്കോട് മരിയൻ വില്ലേജ് സന്ദർശിച്ചു. ക്രിസ്തുമസ്സ് കേക്ക് വിതരണം ചെയ്തു.

27 - മലമ്പുഴ പ്രൊവിഡൻസ് കോൺവെന്റിൽ സി. പ്രുഡൻഷ്യയുടെ മൃതദേഹസംസ്കാരത്തിന്റെ പ്രാരംഭശുശ്രൂഷ നടത്തി.

- പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽവെച്ച് ഡീക്കന്മാരായ ധനേഷ് കാളൻ, സ്റ്റെനിൻ പുത്തൂരാൻ, ബാബു കുറ്റിക്കാടൻ എന്നിവർക്ക് വൈദിക പട്ടം നൽകി.
- മരിയാപുരം മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ എത്തി ബ്ര. ഡാനിയേൽ മുളയ്ക്കാമ്പള്ളിയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി പ്രാർത്ഥിച്ചു.

28 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മതബോധന കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാസംഗമത്തിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു. സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു.

- അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ സഹോദരനും പുത്തൻച്ചിറ കിഴക്കേപ്പള്ളി ഇടവകാംഗവുമായ ശ്രീ. പാവുണ്ണിയുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

29 - പൂഞ്ചോല ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഡീക്കൻ എബിൻ കുളമ്പിലിന് വൈദികപട്ടം നൽകി.

- ചീനിക്കപ്പാറ സെന്റ് തോമസ് ദൈവാലയത്തിൽ ഡീക്കൻ അജി ഐക്കരയ്ക്ക് വൈദികപട്ടം നൽകി.
- കത്തീഡ്രൽ ഗ്രൗണ്ടിൽ കത്തീഡ്രൽ കെ.സി.വൈ.എം. സംഘടിപ്പിച്ച സെൻട്രൽ മ്യൂസിക്ക് മിനിസ്ട്രിയുടെ ആത്മീയ സംഗീതവിരുന്നിൽ സംബന്ധിച്ചു.